പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 571 — 26.07.2010-ൽ മറുപടിയ്ക്ക്

**ജൈവകൃഷി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. അജിത്:<br>ശ്രീ. എൻ. രാജൻ<br>ശ്രീമതി. ഇ. എസ്. ബിജി മോൾ:<br>ശ്രീ. പള്ളിപ്രം ബാലൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| (എ) ജൈവകൃഷി പദ്ധതിയിൽ ഏതെല്ലാം വിളകളെയാണ് ഇപ്പോൾ ഉൾപ്പെടുത്തി യിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) നടപ്പു സാമ്പത്തിക വർഷം നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗവിളകൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ കൃഷി വകുപ്പ് നടപ്പാക്കുന്ന ജൈവ കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കുന്ന പദ്ധതികളിൽ പൈനാപ്പിൾ, ഇഞ്ചി, വാഴ, പച്ചക്കറി, കശുമാവ്, കുരുമുളക് എന്നിവയും, വി.എഫ്.പി.സി.കെ. നടപ്പാക്കുന്ന ജൈവകൃഷി പദ്ധതിയിൽ പച്ചക്കറി കളെയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) സംസ്ഥാനത്ത് മൊത്തം എത്ര ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടന്നു വരുന്നുണ്ട്; | (ബി) 14,279 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടന്നു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | കേരള ഓർഗാനിക് മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ? | (സി) | ജൈവകൃഷി നയം, തന്ത്രങ്ങൾ, കർമ്മ പദ്ധതി എന്നിവ നടപ്പാക്കുന്നതിനും ഉദ്ദിഷ്ട രീതിയിൽ ഫലപ്രദമാക്കുന്നതിനും വേണ്ടിയാണ് കേരള ഓർഗാനിക് മിഷൻ രൂപീകരിച്ചിട്ടുള്ളത്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, ജൈവകൃഷിയുടെ മേൻമയെക്കുറിച്ച് വൻ പ്രചാരണം നൽകി സംസ്ഥാനത്ത് നടപ്പാക്കുന്ന എല്ലാ ജൈവകൃഷി പദ്ധതികളും ഏകോപിപ്പിക്കുക, തദ്ദേശ വിപണിയെ ലക്ഷ്യം വച്ച് 'വിഷ വിമുക്ത ഭക്ഷണം' വിപണനം ചെയ്യുക, വിപണന സൗകര്യം ഒരുക്കുക, ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക, ജൈവോൽപ്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുക തുടങ്ങിയവയാണ് മിഷന്റെ പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ 572

26.07.2010 ലെ
മറുപടിക്ക്

# ഡിസ്ട്രസ്സ് പർച്ചേയ്സ് സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.ബാബു.**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. വി ഡി സതീശൻ**<br>ശ്രീ. ടി.എൻ. പ്രതാപൻ. | ശ്രീ.ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കയർ ഉൽപ്പന്നങ്ങൾ കെട്ടികിടക്കുന്ന അവസ്ഥ പരിഹരിക്കാനായി സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) കെട്ടികിടക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും ശേഖരിക്കുന്നതിലേയ്ക്കായി ഡിസ്ട്രസ്സ് പർച്ചേയ്സ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇപ്പോൾ കയറോ കയർ ഉൽപ്പന്നങ്ങളോ കെട്ടികിടക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഉൽപ്പന്ന മേഖലയിൽ ആവിഷ്ക്കരിച്ച കയർ ക്രയവില സ്ഥിരതാ പദ്ധതി വളരെ ഫലപ്രദമായി മാറിയിട്ടുണ്ട്. ഇതുമൂലം ഇപ്പോൾ ഡി.പി.എസ്. ൽ ഉൽപ്പന്നങ്ങൾ സംഭരിക്കേണ്ട സാഹചര്യം ഒട്ടും തന്നെഉണ്ടാകുന്നില്ല. പി. പി. എസ്. എസ്. സ്കീമിന് എല്ലാ വിഭാഗങ്ങളിൽ നിന്നും വലിയ സ്വീകാര്യത ഉണ്ടായിട്ടുമുണ്ട്. |
| (ബി) ഇതിനായി രൂപികരിച്ച ഡിസ്ട്രസ്സ് പർച്ചെയ്സ് സ്കീമിലൂടെ കഴിഞ്ഞ വർഷം എത്ര കോടി രൂപയുടെ ഉൽപ്പന്നങ്ങൾ സംഭരിച്ചു എന്ന് വെളിപ്പെടുത്തുമോ; | (ബി) 2009- 10 വർഷം കയർഫെഡ് 91.41 ലക്ഷം രൂപയുടെ കയർ ശേഖരിച്ചിട്ടുണ്ട്. കഴിഞ്ഞ 4 വർഷങ്ങളായി 527.79 ലക്ഷം രൂപയുടെ കയറും 10652.55 ലക്ഷം രൂപയുടെ കയർ ഉൽപ്പന്നങ്ങളും സംഭരിച്ചു. കഴിഞ്ഞ വർഷം കെട്ടികിടന്ന മുഴുവൻ കയറും സംഭരിച്ചു. കയർ ഉൽപ്പന്നങ്ങൾ കെട്ടികിടക്കുന്ന പ്രശ്നം ഉണ്ടായിട്ടില്ല. |
| (സി) ഇത്തരത്തിൽ സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ വിററഴിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്; | (സി) ഡിസ്ട്രസ്സ് പർച്ചെയ്സ് പദ്ധതി പ്രകാരം ശേഖരിക്കുന്ന കയർ കയർഫെഡ് മുഖാന്തിരവും കയർ ഉൽപ്പന്നങ്ങൾ കേരള സ്റ്റേററ് കയർ കോർപ്പറേഷൻ മുഖാന്തിരവും വിൽപ്പന നടത്തി വരുന്നു. കയർഫെഡ് |

| | |
|---|---|
| | കയറിനെ കയർ ഉൽപ്പന്നങ്ങളാക്കി മാററാനും 12% വരെ ഡിസ്ക്കൗണ്ട് നൽകി വിററഴിക്കാനും നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) ഈ വർഷം ഈ സ്കീമിനായി എന്തു തുക ബഡ്ജററ് വിഹിതമായി വകയിരുത്തിയിട്ടുണ്ട് ; | (ഡി) ഡിസ്ട്രസ്സ് പർച്ചെയ്സ് പദ്ധതിയ്ക്കായി (ഡി.പി.എസ്) പ്രത്യേക വിഹിതം ഉൾപ്പെടുത്തിയിട്ടില്ല. കാരണം കെട്ടികിടക്കുന്നില്ല. എന്നാൽ വില വ്യതിയാനം പരിഹരിക്കാനുള്ള പദ്ധതിയിൽ 10 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. ഈ പദ്ധതിയിലെ ഘടകമായി ഡിസ്ട്രസ്സ് പർച്ചെയ്സ് പദ്ധതിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഡി.പി.എസ്. ആവശ്യമായി വരികയാണെങ്കിൽ ഈ പദ്ധതിയിൽ നിന്നും തുക വിനിയോഗിക്കാവുന്നതാണ്. |
| (ഇ) ഇതിനായി റിവോൾവിംഗ് ഫണ്ടിലൂടെ ഈ വർഷം എത്ര കോടി രൂപയുടെ കെട്ടികിടക്കുന്ന ഉൽപ്പന്നങ്ങൾ സംഭരിക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്? | (ഇ) കയറും കയറുൽപ്പന്നങ്ങളും കെട്ടികിടക്കുന്നഅവസരങ്ങളിലാണ് ഡി.പി.എസ്. പദ്ധതി പ്രകാരം ശേഖരണം നടത്തുന്നത്. കയറും കയറുൽപ്പന്നങ്ങളുംകെട്ടി കിടക്കുന്നില്ല.കയറുൽപ്പന്നങ്ങൾ പൂർണ്ണമായും കയർ ക്രയവില സ്ഥിരതാ പദ്ധതി വഴി ശേഖരിക്കാൻ കഴിയുന്നുണ്ട്. കൂടാതെ മുഴുവൻ കയറും കയർഫെഡ് വഴി സംഭരിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.ഈ സാഹചര്യത്തിൽ മുൻകാലങ്ങളിലേതുപോലെ ഡിസ്ട്രസ്സ് പർച്ചെയ്സ് സ്കീം നടപ്പിലാക്കേണ്ട് ആവശ്യകത ഇല്ല.<br><br>Joe. C. Mathilakath<br>സെക്ഷൻ ഓഫീസർ |

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 573

26.07.2010 ൽ
മറുപടിയ്ക്ക്

## കശുവണ്ടി വികസന കോർപ്പറേഷന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ

ചോദ്യം
ശ്രീ. എ.എം. യൂസഫ്
ശ്രീമതി. പി. അയിഷാപോറ്റി
ശ്രീ. ബി. രാഘവൻ
" കെ. കുഞ്ഞിരാമൻ

ഉത്തരം
ശ്രീ. പി.കെ. ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി.)

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

(1)തൊഴിലാളികൾക്ക് 2009-10 സാമ്പത്തിക വർഷം 284 ദിവസത്തെ ജോലി നൽകുവാൻ കഴിഞ്ഞിട്ടുള്ളതാണ്. തൊഴിലാളികൾക്ക് തുടർന്നും തുടർച്ചയായി ജോലി നൽകി വരികയാണ്.

(2) ഫാക്ടറികളുടെ നവീകരണത്തിനും, വികസന പ്രവർത്തനങ്ങൾക്കുമായി 2007-2008, 2008-09 വർഷങ്ങളിലായി ആകെ 18.47 കോടി രൂപ അനുവദിച്ചു.

(3) 2008-09 സാമ്പത്തിക വർഷം നബാർഡിൽ നിന്നും 26 ലക്ഷം രൂപ ഫാക്ടറികളിൽ ഗോഡൗൺ നിർമ്മിക്കുന്നതിനായി അനുവദിച്ചു.

(4) 2009-10 സാമ്പത്തിക വർഷം ഫാക്ടറികളുടെ നവീകരണം, കശുവണ്ടി പ്പരിപ്പിന്റെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, നവീന പാക്കിംഗ് സിസ്റ്റം എന്നിവയ്ക്കായി 24 കോടി രൂപ അനുവദിച്ചു.

(5) 2010-11 സാമ്പത്തിക വർഷം കോർപ്പറേഷന്റെ റിജുവിനേഷനു

...2

വേണ്ടി (Cashew procurement centre) 15 കോടി രൂപ അനുവദിച്ചു.

(6) കശുവണ്ടി വികസന കോർപ്പറേഷന്റെ പുനരുദ്ധാരണത്തിനും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള മറ്റ് നടപടികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

(i) നിലവിലുണ്ടായിരുന്ന തട്ട് ബോർമ്മകൾക്ക് പകരമായി ഇലക്ട്രിക്ബോർമ്മ, ഹോട്ട് എയർബോർമ്മ എന്നിവ ഫാക്ടറികളിൽ സ്ഥാപിച്ചുവരുന്നു.

(ii) നിലവിലുണ്ടായിരുന്ന ടിൻ ഫില്ലിംഗിന് പകരമായി കോർപ്പറേഷന്റെ ഫില്ലിംഗ് സെന്ററുകളിൽ ' ഫ്ളെക്സിപാക്കിംഗ് സിസ്റ്റം' നടപ്പിലാക്കിയിട്ടുള്ളതാണ്. വിദേശ വിപണിയിൽ ' ഫ്ലക്സി പാക്കിംഗ് ' പരപ്പിനാണ് മാർക്കറ്റുള്ളത്.

(iii) CFTRI യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽ നിന്നും കാഷ്യു സൂപ്പ്, കാഷ്യു പൗഡർ, കാഷ്യുവിറ്റ, കാഷ്യുബിറ്റ്സ്, എന്നീ 4 മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ കശുവണ്ടി വികസന കോർപ്പറേഷൻ വിപണിയിൽ ഇറക്കിയിട്ടുണ്ട്.

(iv) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ആധുനിക രീതിയിൽ നവീകരിച്ച് ഉല്പന്നങ്ങളുടെ ക്വാളിറ്റി മെച്ചപ്പെടുത്തി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും ഫാക്ടറികൾ ഫുൾ കപ്പാസിറ്റിയിൽ പ്രവർത്തിക്കുന്നതിനുമായി 7500-ഓളം തൊഴിലാളികളെ പുതിയതായി നിയമി ച്ചിട്ടുണ്ട്.

(V) ഉൽപാദനക്ഷമതയും, ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് പുതിയ സാങ്കേതികവിദ്യസ്വായത്തമാക്കുന്നതിലേയ്ക്ക് കോർപ്പറേഷനിലെ പ്രോസസിംഗ് ജീവനക്കാർക്ക് പ്രത്യേകതരം പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

(Vi) കശുമാവ് കൃഷി വികസിപ്പിച്ച് തോട്ടണ്ടിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് കശുവണ്ടി വികസന കോർപ്പറേഷൻ

....3

അത്യുൽപാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ കോർപ്പറേഷന്റെ നേഴ്സറികളിൽ ഉണ്ടാക്കി കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിപണനം നടത്തിവരുന്നുണ്ട്.

(vii) കശുമാങ്ങയിൽ നിന്നും ബയോഡീസൽ ഉല്പാദിക്കുന്നതിനുള്ള ഗവേഷണവും കശുവണ്ടി വികസന കോർപ്പറേഷൻ നടത്തിവരികയാണ്.

(viii) ആധുനികവൽക്കരണത്തിന്റെ ഭാഗമായി കോർപ്പറേഷനിൽ ഒരു റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്റർ പ്രവർത്തിച്ചു വരുന്നു.

(ix) കശുവണ്ടി വികസന കോർപ്പറേഷൻ STC, IIFT എന്നിവയുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(X) കോർപ്പറേഷന്റെ ഫാക്ടറികൾ അന്താരാഷ്ട്ര നിലവാരത്തിൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ട് ഫാക്ടറികൾ ഐ.എസ്.ഒ. നിലവാരത്തിലുള്ളതായി മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

| | | | |
|---|---|---|---|
| (ബി) | കശുവണ്ടിയുടെ പ്രോസസ്സിംഗ് രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുമോ; | (ബി) | കശുവണ്ടി വികസന കോർപ്പറേഷനിൽ കശുവണ്ടിയുടെ പ്രോസസിംഗ് രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി കശുവണ്ടി കരിച്ച് വറുത്ത് തല്ലിയെടുക്കുന്ന പരമ്പരാഗത ശൈലിയോടൊപ്പം തോട്ടണ്ടി ആവിയിൽ പുഴുങ്ങി കട്ടിംഗ് മെഷീനുകൾ ഉപയോഗിച്ച് കട്ട്ചെയ്ത് എടുക്കുന്നതിനുള്ള നടപടികളും ഫാക്ടറികളിൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br>**കാപെക്സിന്റെ** നവീന പായ്ക്കിംഗ് സെന്ററിൽ സ്ഥാപിച്ചിരിക്കുന്ന ആധുനിക രീതിയിലുള്ള ഫ്ലക്സി പായ്ക്കിംഗ് മെഷ്യൻ ഉപയോഗിച്ചാണ് കയറ്റുമതി വിപണിയ്ക്കായുള്ള പരിപ്പ് പ്രോസസ്സ് ചെയ്യുന്നത്. നൂതനമായ സാങ്കേതിക വിദ്യയുടെ ഉപയോഗം മൂലം |

വളരെ കർക്കശമായ ശുചിത്വവും, ഉല്പാദന ക്ഷമതയും ലഭിച്ചു വരുന്നു. കൂടാതെ ആഭ്യന്തര വിപണി ശക്തിപ്പെടുത്തുവാനായി ഒരു അധ്യാധുനിക റോസ്റ്റിംഗ് സാൾട്ടിംഗ് മെഷ്യനും പായ്ക്കിംഗ് സെന്ററിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) കശുവണ്ടിയിൽ നിന്നും എന്തെല്ലാം മൂല്യവർദ്ധിത ഉല്പന്നങ്ങളാണ് ഉല്പാദിപ്പിച്ച് വിപണിയിൽ ഇറക്കിയിട്ടുള്ളത്;

(സി) കശുവണ്ടി പരിപ്പിൽ നിന്നും കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂവിറ്റ, കാഷ്യൂബിറ്റ്സ്, എന്നീ 4 മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ കശുവണ്ടി വികസന കോർപ്പറേഷൻ വിപണിയിൽ ഇറക്കിയിട്ടുണ്ട്.

കാപെക്സ് റോസ്റ്റഡ്, സാൾട്ടഡ് പരിപ്പുകൾ കൂടാതെ pepper coated, chilly coated പരിപ്പുകളും വിവിധ ഗ്രേഡുകളായി തരം തിരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണിയിൽ ഇറക്കിയിട്ടുണ്ട്.

(ഡി) കാപ്പക്സിന്റെ കീഴിലുള്ള ഫാക്ടറികളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കാപെക്സിന്റെ ചെങ്ങമനാട്, ഇരവിപുരം, എരുവ, പത്തിയൂർ, കിളിക്കൊല്ലൂർ, ചാത്തിനാംകുളം എന്നീ ഫാക്ടറികൾ പൂർണ്ണമായും പുനർ നിർമ്മിക്കുകയും മറ്റുള്ള നാല് ഫാക്ടറികളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

ഉയരവും വായുസഞ്ചാരമുള്ള ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡുകൾ, വറുപ്പുപുര, ബോർമ്മപുര, തോടുപുര, തൊട്ടിപ്പുര, വിശ്രമമുറികൾ , തോട്ടണ്ടി ഉണക്കാനുള്ള യാർഡുകൾ, ചിമ്മിനികൾ വൃത്തിയുള്ള ബാത്ത്റും, തോട്ടണ്ടി സംഭരിക്കാനുള്ള ഗോഡൗണുകൾ, പുതിയ വറുപ്പു മെഷീനുകൾ, പത്ത് ഫാക്ടറികളിലായി 14 ഇലക്ട്രിക് ബോർമകൾ, ശുദ്ധജലം ലഭ്യമാകത്തക്ക വിധമുള്ള സംവിധാനങ്ങൾ, ആധുനിക ഫ്ലക്സി പാക്കിംഗ് മെഷീനുകൾ, റോസ്റ്റഡ് ആന്റ് സാൾട്ടിംഗ് മെഷീ നോടുകൂടിയ ഫ്ലക്സി പാക്കിംഗ് സെന്ററുകൾ, ഹെഡ് ഓഫീസും, പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരണത്തോടുകൂടിയ ഓഫീസും നിർമ്മിച്ചു. 2500-ഓളം പുതിയ തൊഴിലാളികളെ നിയമിച്ച് പാരിറ്റി ക്ലിയർ ചെയ്തു. പ്രതിദിന ഉല്പാദനശേഷി 35 മെട്രിക് ടണ്ണിൽ നിന്നും 54 മെട്രിക് ടണ്ണായി ഉയർത്തുകയും പ്രൊഡക്ഷൻ കപ്പാസിറ്റി 45% ആയി വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

....5

| | | | |
|---|---|---|---|
| (ഇ) | കശുവണ്ടി ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഇ) | കശുവണ്ടി ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് പുതിയ സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിന് കോർപ്പറേഷനിലെ പ്രോസസിംഗ് തൊഴിലാളികൾക്ക് വിവിധതരം പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന ടിൻ ഫില്ലിംഗിന് പകരമായി കോർപ്പറേഷന്റെ ഫില്ലിംഗ് സെന്ററുകളിൽ ' ഫ്ളെക്സിപാക്കിംഗ് സിസ്റ്റം ' നടപ്പിലാക്കിയിട്ടുള്ളതാണ്. വിദേശ വിപണിയിൽ ' ഫ്ളക്സി പാക്കിംഗ് ' പരപ്പിനാണ് മാർക്കറ്റുള്ളത്. CFTRI യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽ നിന്നും കാഷ്യു സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യുവിറ്റ, കാഷ്യുബിറ്റ്സ്, എന്നീ 4 മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ കശുവണ്ടി വികസന കോർപ്പറേഷൻ വിപണിയിൽ ഇറക്കിയിട്ടുണ്ട്. റഷ്യ, ചൈന, എന്നീ രാജ്യങ്ങളിലേയ്ക്കും അവരുടെ അഭിരുചിക്കനുസരിച്ച് കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>കാപെക്സിൽ ആധുനിക രീതിയിലുള്ള ഫ്ളക്സി പായ്ക്കിംഗ് മെഷ്യൻ ഉപയോഗിച്ചാണ് കയറ്റുമതി വിപണിയ്ക്കായുള്ള പരിപ്പ് പ്രോസസ്സ് ചെയ്യുന്നത്. നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം മൂലം വളരെ കർക്കശമായ ശുചിത്വവും, ഉല്പാദന ക്ഷമതയും ലഭിച്ചു വരുന്നു. കൂടാതെ ആഭ്യന്തര വിപണി ശക്തിപ്പെടുത്തുവാനായി ഒരു അധ്യാധുനിക റോസ്റ്റിംഗ് സാൾട്ടിംഗ് മെഷ്യനും പായ്ക്കിംഗ് സെന്ററിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതു വഴി 2008-09 -ൽ 16 കണ്ടയിനർ പരിപ്പും 2009-10-ൽ 34 മെട്രിക് ടൺ പരിപ്പ് വിദേശ വിപണിയിലേയ്ക്ക് അയയ്ക്കുവാനും സാധിച്ചു. |
| എഫ്) | കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | എഫ്) | കശുവണ്ടി വികസന കോർപ്പറേഷൻ കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് നടപടി സ്വീകരിച്ചിട്ടുള്ളതും ഇതിലേയ്ക്ക് സംസ്ഥാനത്ത് ഫ്രാഞ്ചൈയിസികളും ഔട്ട്ലെറ്റുകളും സ്ഥാപിച്ചിട്ടുള്ളതും ജില്ലാടിസ്ഥാനത്തിൽ ഡിസ്ട്രിബ്യൂട്ടർമാരെ നിയമിച്ചിട്ടുള്ളതുമാണ്. |

....6

കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവയുടെ ഔട്ട് ലെറ്റുകൾ വഴിയും കെ.ടി.ഡി.സി യുടെ തെരഞ്ഞെടുത്ത പാർലറുകൾ മുഖാന്തിരവും, റിലയൻസ്, ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ തെരഞ്ഞെടുത്ത പമ്പുകൾ തുടങ്ങിയവയിലൂടെ സംസ്ഥാനത്തിന് അകത്തും പുറത്തും ആഭ്യന്തര വിപണി മെച്ചപ്പെടുത്തി ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് കാപെക്സ് റോസ്റ്റഡ്, സാൾട്ടഡ് പരിപ്പുകൾ കൂടാതെ pepper coated, chilly coated പരിപ്പുകളും വിവിധ ഗ്രേഡുകളായി തരം തിരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണിയിൽ Franchisee (dealership) വഴി കേരളത്തിൽ അങ്ങോളമിങ്ങോളം വില്പന നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ

# വിശദീകരണ കുറിപ്പ്

കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ ഗവൺമെന്റ് 57.73 കോടി രൂപ നൽകിയിട്ടുണ്ട്. ഇതിൽ 27.73 കോടി രൂപ നവീകരണ പ്രവർത്തനങ്ങൾക്കും 30 കോടി രൂപ കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തി Rejuvenation/Procurement -ന് വേണ്ടി നൽകിയിട്ടുള്ളതാണ്. ഈ തുക വിനിയോഗിച്ച് കോർപ്പറേഷൻ ഫാക്ടറികളുടെ നവീകരണം, കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തൽ, മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം, പുതിയ വിപണി കണ്ടെത്തൽ, നവീന പാക്കിംഗ് സിസ്റ്റത്തിന്റെ സ്ഥാപനം എന്നിവ നടത്തിവരികയാണ്. കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് "CDC CASHEWS" എന്ന ബ്രാന്റ്നയിമിൽ കശുവണ്ടി പരിപ്പും മൂല്യ വർദ്ധിത ഉല്പന്നങ്ങളും ഉല്പാദിച്ച് വില്പന വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഇതിലേയ്ക്ക് സംസ്ഥാനത്ത് ഫ്രാഞ്ചൈസികളും ഔട്ട്ലെറ്റുകളും ജില്ലാടിസ്ഥാനത്തിൽ ഡിസ്ട്രിബ്യൂട്ടർമാരെയും നിയമിച്ചിട്ടുള്ളതുമാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവയുടെ ഔട്ട്ലെറ്റുകൾ, കെ.റ്റി.ഡി.സി-യുടെ തെരഞ്ഞെടുത്ത പാർലറുകൾ, റിലയൻസ്, ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ തെരഞ്ഞെടുത്ത് പമ്പുകൾ തുടങ്ങിയവ വഴി സംസ്ഥാനത്തിനകത്തും പുറത്തും ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കയറ്റുമതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ദുബായിൽ എം.കെ. ഗ്രൂപ്പുമായി ചേർന്ന് കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിറ്റഴിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. കൂടാതെ റഷ്യ, ചൈന എന്നീ

...2

രാജ്യങ്ങളിലേയ്ക്കും കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഈ കാലയളവിൽ തുടർച്ചയായി ജോലി നൽകുവാൻ കഴിഞ്ഞിട്ടുള്ളതും ഇപ്രകാരം 2009-10 സാമ്പത്തിക വർഷം 284 ദിവസത്തെ ജോലി നൽകിയിട്ടുള്ളതും തുടർന്നും തുടർച്ചയായി ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഈ കാലയളവിൽ കോർപ്പറേഷൻ ഫാക്ടറികളിൽ ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി 7500 -ഓളം പേർക്ക് പുതുതായി ജോലി നൽകിയിട്ടുള്ളതാണ്.

കാപെക്സിന്റെ ചെങ്ങമനാട്, ഇരവിപുരം, എരുവ, പത്തിയൂർ, കിളികൊല്ലൂർ, ചാത്തിനാംകുളം എന്നീ ഫാക്ടറികൾ പൂർണ്ണമായും പുനർ നിർമ്മിക്കുകയും മറ്റുള്ള നാല് ഫാക്ടറികളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഉയരവും വായുസഞ്ചാരമുള്ള ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡുകൾ, വറുപ്പുപുര, ബോർമ്മപുര, തോടുപുര, തൊട്ടിപ്പുര, വിശ്രമമുറികൾ , തോട്ടണ്ടി ഉണക്കാനുള്ള യാർഡുകൾ, ചിമ്മിനികൾ വൃത്തിയുള്ള ബാത്ത്റൂം, തോട്ടണ്ടി സംഭരിക്കാനുള്ള ഗോഡൗണുകൾ, പുതിയ വറുപ്പു മെഷീനുകൾ, പത്ത് ഫാക്ടറികളിലായി 14 ഇലക്ട്രിക് ബോർമകൾ, ശുദ്ധജലം ലഭ്യമാകത്തക്ക വിധമുള്ള സംവിധാനങ്ങൾ, ആധുനിക ഫ്ലക്സി പാക്കിംഗ് മെഷീനുകൾ, റോസ്റ്റഡ് ആന്റ് സാൾട്ടിംഗ് മെഷീ നോടുകൂടിയ ഫ്ലക്സി പാക്കിംഗ് സെന്ററുകൾ, ഹെഡ് ഓഫീസും, പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരണത്തോടു കൂടിയ ഓഫീസും നിർമ്മിച്ചു. 2500-ഓളം പുതിയ തൊഴിലാളികളെ നിയമിച്ച് പാരിറ്റി ക്ലിയർ ചെയ്തു. പ്രതിദിന ഉല്പാദനശേഷി 35 മെട്രിക് ടണ്ണിൽ നിന്നും 54 മെട്രിക് ടണ്ണായി ഉയർത്തുകയും പ്രൊഡക്ഷൻ കപ്പാസിറ്റി 45% ആയി വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 574 — 26.07.2010 ൽ മറുപടിക്ക്

## ഉപഭോക്തൃ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ. കെ.ടി. ജലീൽ
ശ്രീ. കെ.വി. അബ്ദുൾ ഖാദർ
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

**മറുപടി**

ശ്രീ. ജി. സുധാകരൻ
(സഹകരണവും കയറും വകുപ്പുമന്ത്രി)

എ) ഉപഭോക്തൃ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

എ) നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം മൂലം സാധാരണക്കാരായ ജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരമായി ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ള ഉപഭോക്തൃ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും,അപക്സ് ഫെഡറേഷനായ കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനെയും ശക്തിപ്പെടുത്തുന്നതിനും, പ്രവർത്തനം വിപുലീകരിക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ ഉപഭോക്തൃ സംഘങ്ങൾ ഉൾപ്പെടെ ഉപഭോക്തൃമേഖലയിൽ 692 നീതി സ്റ്റോറുകളും 350 നീതിമെഡിക്കൽ സ്റ്റോറുകളും (സംഘങ്ങളുടെ കീഴിൽ 299-ഉം കൺസ്യൂമർഫെഡിന്റെ കീഴിൽ 51 ഉം) പ്രവർത്തിക്കുന്നുണ്ട്. ഓരോ നിയോജകമണ്ഡലത്തിലും ഓരോ ത്രിവേണി സ്റ്റോറുകൾ എന്ന രീതിയിൽ, ഇതുവരെ 121 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

പ്രാഥമിക കൺസ്യൂമർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 2,70,000/- രൂപ സർക്കാർ ഓഹരി ഇനത്തിലും, 30,000/- രൂപ സബ്സിഡി ഇനത്തിലും ഉൾപ്പെടെ 3 ലക്ഷം രൂപ വീതം പദ്ധതി ഇനത്തിൽ ഉൾപ്പെടുത്തി അനുവദിച്ച് നൽകാറുണ്ട്. കൂടാതെ സംഘങ്ങളുടെ ബിസിനസ്സ് നടത്തിപ്പിനായി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ പരമാവധി 2 ലക്ഷം രൂപ ഓഹരി മൂലധനവും, പ്രാഥമിക കൺസ്യൂമർ സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ, കൺസ്യൂമർ ഫെഡറേഷൻ എന്നിവയ്ക്ക് ഔട്ട്ലെറ്റുകൾ തുടങ്ങുന്നതിനും ധനസഹായം നൽകി വരുന്നു. ഇതിന് പുറമേ എൻ.സി.ഡി.സി. പദ്ധതി പ്രകാരം സംഘങ്ങൾക്ക് ഓഹരി,വായ്പ എന്നിവയും നൽകി വരുന്നുണ്ട്.

| | | |
|---|---|---|
| ബി) | സ്ക്കൂൾ, കോളേജ്, സർവ്വകലാശാലാ സ്റ്റോറുകൾ എന്നിവയ്ക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) സ്കൂൾ, കോളേജ് സഹകരണ സംഘങ്ങൾക്ക് ഫർണിച്ചർ വാങ്ങുന്നതിനായി യഥാക്രമം 10,000/- രൂപയും, 20,000/- രൂപയും സബ്സിഡി നൽകി വരുന്നു. 2009-2010 സാമ്പത്തിക വർഷത്തിൽ 41 സ്കൂൾ സഹകരണ സംഘങ്ങൾക്കായി 3,94,870/- രൂപയും 4 കോളേജ് സഹകരണ സംഘങ്ങൾക്കായി 50,000/- രൂപയും ഉൾപ്പെടെ 4,44,870/- രൂപ ഫർണീച്ചർ സബ്സിഡി നൽകിയിട്ടുണ്ട്. സർവ്വകലാശാലാ സ്റ്റോറുകൾക്ക് സബ്സിഡി നൽകുന്നതിനുള്ള ചട്ടങ്ങൾ നിലവിലില്ല. |
| സി) | സഹകരണ കാന്റീനുകൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നത്; | സി) സഹകരണ കാന്റീനുകൾക്ക് ഉത്സവകാല വിപണികൾ അനുവദിച്ചു നൽകാറുണ്ട്. ഇത്തരം സംഘങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്നുണ്ട്. 2009-2010 സാമ്പത്തിക വർഷത്തിൽ പീഡിത വിഭാഗത്തിനു സാമ്പത്തിക സഹായം അനുവദിച്ചു നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ലക്ഷം രൂപ ഓഹരി, ഒരു ലക്ഷം രൂപ വായ്പ, 8 ലക്ഷം രൂപ സബ്സിഡി എന്നിങ്ങനെ 10 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| ഡി) | കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷൻ പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ഡി) കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷന്റെ (കൺസ്യൂമർഫെഡ്) പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനും, വൈവിധ്യവൽക്കരണത്തിനുമായി 55.65 കോടി രൂപ ചെലവു വരുന്ന ഒരു ഹ്രസ്വകാല പദ്ധതി "വിഷൻ 2011 ഒന്നാം ഘട്ടം" എന്ന പേരിൽ സർക്കാരിന്റെ അനുമതിക്കും, എൻ.സി.ഡി.സി യിൽ നിന്നും സാമ്പത്തിക സഹായത്തിനും വേണ്ടി ഫെഡറേഷൻ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 90 ശതമാനം എൻ.സി.ഡി.സി യിൽ നിന്നും ബാക്കി 10 ശതമാനം കൺസ്യൂമർ ഫെഡിന്റെ വിഹിതമായും മുടക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| ഇ) | ഗ്രാമീണ, നഗര പ്രദേശങ്ങളിൽ കൂടുതൽ ഉപഭോക്തൃ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുമോ? | ഇ) പ്രോത്സാഹനം നൽകി വരുന്നുണ്ട്. ഒരു ഗ്രാമ പഞ്ചായത്തിൽ ഒന്ന് എന്ന നിലയിൽ കൺസ്യൂമർ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ എല്ലാ ജില്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകുകയും ആയതിനെ തുടർന്ന്, തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.575 | 26.7.2010- ൽ മറുപടിയ്ക്ക്

### രോഗബാധിതമായ മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി റീപ്ലാൻറ് ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി.കാർത്തികേയൻ :<br>ശ്രീ.എ.എ.ഷുക്കൂർ :<br>ശ്രീ.എൻ.ശക്തൻ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ രോഗബാധിതമായ മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി റിപ്ലാൻറ് ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യിട്ടുണ്ടോ ; | എ) | നാളികേര തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനും കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം പുതിയ തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുന്നതിനുമായി ഒരു സമഗ്ര പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ 2009-10 മുതൽ 2012-13 വരെയുള്ള കാലയളവിൽ നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ള പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യിട്ടുണ്ട്. |
| ബി) ആദ്യഘട്ടമെന്ന നിലയിൽ ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരുന്നത്; | ബി) | തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ 2009-10 മുതൽ 2012-13 വരെയുള്ള കാലയളവിൽ നടപ്പിലാക്കാനാണ് തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്. നാളികേര വികസന ബോർഡും കൃഷി വകുപ്പും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| സി) ഇതിനായി എത്രകോടി രൂപയുടെ പദ്ധതിക്കാണ് രൂപം നൽകിയിരുന്നത് ; | സി) | നാളികേര പുനരുദ്ധാരണ പദ്ധതി പ്രകാരം തെങ്ങിൻ തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനും കാറ്റുവീഴ്ച രോഗം രൂക്ഷമായി ബാധിച്ച ഉൽപ്പാദന ക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിനും വെട്ടിമാറ്റുന്ന |

തെങ്ങുകൾക്ക് പകരം ഉൽപ്പാദനക്ഷമതയുള്ള നല്ലയിനം തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുന്നതിനുമായി 2275 കോടിയുടെ പദ്ധതിക്കാണ് രൂപം നൽകിയിരുന്നത്. ഇതിൽ കേരളത്തിന് 474.514 കോടി രൂപയാണ് കേന്ദ്ര സർക്കാർ സബ്സിഡിയായി അനുവദിച്ചിരിക്കുന്നത്

ഡി) നാളികേര വികസന ബോർഡിന് പുറമെ മറ്റേതൊക്കെ ഏജൻസികളാണ് ഈ പദ്ധതിയിൽ സഹകരിക്കുന്നത് ;

ഡി) നാളികേര വികസന ബോർഡും കൃഷി വകുപ്പും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ തെങ്ങിൻ തടി സംസ്കരണ പ്രവർത്തനത്തിൽ കേരഫെഡും സഹകരിക്കുന്നതാണ്. ഗ്രാമ പഞ്ചായത്തുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, മാർക്കറ്റിംഗ് ഫെഡറേഷൻ, നാഷണൽ സീഡ് കോർപ്പറേഷൻ, കാർഷിക സർവ്വകലാശാല, സി.പി.സി.ആർ.ഐ എന്നിവരും സഹകരിക്കുന്നുണ്ട്.

ഇ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ ഈ പദ്ധതിയിലൂടെ എത്ര രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്.

ഇ) 1. തിരുവനന്തപുരം ജില്ലയിൽ 3 ബ്ലോക്കുകളിലുമായി 118028 രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്.
2. കൊല്ലം ജില്ലയിൽ 3 ബ്ലോക്കുകളിലുമായി 205039 രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്.
3. തൃശ്ശൂർ ജില്ലയിൽ 3 ബ്ലോക്കുകളിലുമായി 151105 രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്.

എഫ്) തേങ്ങയുടെ വിലയിടിവു കാരണം പുതിയ തെങ്ങിൻ തൈകൾ നടുന്നതിന് കേര കർഷകർ താൽപ്പര്യം കാണിക്കാത്ത സാഹചര്യത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

എഫ്) 2009-10 കാലയളവിലാണ് തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി ആരംഭിച്ചത്. ഈ ബൃഹത് പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കർഷകരുടെ താൽപര്യക്കുറവ് അനുഭവപ്പെട്ടിട്ടില്ല. തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യം, നാളികേര വികസന ബോർഡിൽ നിന്നും സബ്സിഡി വിതരണത്തിലുണ്ടാകുന്ന • കാലതാമസം, കർഷകർക്ക് സബ്സിഡി ലഭ്യമാക്കാനുള്ള ബാങ്കു ക്രമീകരണത്തിലെ താമസം തുടങ്ങിയ ചില ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടു.

| | | | |
|---|---|---|---|
| ജി) | ഈ പദ്ധതിയിലൂടെ പുതിയതായി ഇതുവരെ എത്ര തെങ്ങിൻതൈകൾ നടാനായെന്ന് വ്യക്തമാക്കുമോ ; | ജി) | ഇതുവരെ ഈ പദ്ധതിയിലൂടെ പുതിയതായി നട്ട തെങ്ങിൻതൈകളുടെ വിവരം ഇപ്രകാരമാണ്.<br><br>1.തിരുവനന്തപുരം - 28208 തൈകൾ<br>2. കൊല്ലം - 5850 തൈകൾ<br>3. തൃശ്ശൂർ -<br><br>ആകെ - 34058 തൈകൾ |
| എച്ച് | ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ ? | എച്ച്) | 1.സി.ഡി.ബിയിൽ നിന്ന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഇതുവരെ 73473 തെങ്ങുകൾ 3 ജില്ലയിലുമായി വെട്ടിമാറ്റുകയും 5.927 കോടി രൂപ സബ്സിഡിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2. പുനരുദ്ധാരണത്തിനായി 1.53 കോടി രൂപയും കാർഷിക സാമഗ്രിയും വിതരണം ചെയ്തു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 576 | 26-07-2010- ൽ മറുപടിയ്ക്ക്

## കാലാവസ്ഥാ വ്യതിയാനംമൂലം കാർഷിക രംഗത്തുണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. പി. വിശ്വൻ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാലാവസ്ഥാ വ്യതിയാനംമൂലം കാർഷിക രംഗത്തുണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾ പഠിക്കുന്നതിന് നിയോഗിച്ച പ്രത്യേക സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; | എ) | കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ട്. |
| ബി) എങ്കിൽ സമിതിയുടെ ശുപാർശകൾ വ്യക്തമാക്കുമോ ; കാലാവസ്ഥാ വ്യതിയാനം ഏതെല്ലാം കൃഷികളെയാണ് ഗുരുതരമായി ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | ബി) | ശുപാർശകൾ രൂപീകൃതമായിട്ടില്ല. കാലാവസ്ഥാ വ്യതിയാനം എല്ലാ വിളകളെയും ഏറ്റക്കുറച്ചിലുകളോടെ ബാധിച്ചിട്ടുണ്ട് എന്നാണ് പ്രാഥമിക നിഗമനം. വൃക്ഷ വിളകളുടേയും വാണിജ്യ വിളകളുടേയും ഉല്പാദനത്തിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ രേഖപ്പെടുത്തുന്നതിനും പഠന വിധേയമാക്കുന്നതിനും ദീർഘ കാലം കൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ. |
| സി) കാലാവസ്ഥാ വ്യതിയാനങ്ങൾ അതിജീവിക്കാൻ പര്യാപ്തമായ വിത്തിനങ്ങളുടെ ഉൽപ്പാദനത്തിന് ഗവേഷണം നടക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | സി) | കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി അന്തരീക്ഷതാപനിലയിലുണ്ടാകുന്ന വർദ്ധനവ്, സമുദ്രനിരപ്പ് ഉയരുന്നത് മൂലമുണ്ടാകുന്ന അധികരിച്ച ലവണാംശം, കീടരോഗ വർദ്ധനവ്, പുതിയ കീടങ്ങളുടേയും രോഗങ്ങളുടേയും ആവിർഭാവം, വെള്ളപ്പൊക്കഭീഷണി എന്നിവ മുന്നിൽ കണ്ട് ഉയർന്ന താപനിലയിലും വിളവു തരാൻ കഴിവുള്ളതും, ലവണത്വത്തെ പ്രതിരോധിക്കാൻ കഴിവുള്ളതും, മൂപ്പു കുറഞ്ഞതും, കീടരോഗപ്രതിരോധ ശേഷിയുള്ളതും, വെള്ളപ്പൊക്കത്തെ അതിജീവിക്കാൻ |

കഴിവുള്ളതുമായ നെൽവിത്തിനങ്ങൾ ഉരുത്തിരിച്ചെടുക്കുന്നതിനുള്ള ഗവേഷണങ്ങൾ 2009-10 ൽ മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ ആരംഭിച്ചു. വിവിധ സമ്മർദ്ദങ്ങളെ അതിജീവിക്കാൻ കഴിയുന്ന പരമ്പരാഗത ഇനങ്ങളും അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങളും തമ്മിൽ സങ്കരണം നടത്തി ഉരുത്തിരിച്ചെടുത്ത നൂറോളം കൾച്ചറുകൾ പരീക്ഷണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 577 | 26.07.2010 ൽ മറുപടിക്ക്

**പ്രൊഫഷണൽ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ. ജോർജ് മേഴ്സിയർ**<br>**ശ്രീ. എൻ. ശക്തൻ**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ** | **ശ്രീ. ജി. സുധാകരൻ**<br>**(സഹകരണവും കയറും വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നൽകുന്നതിന് സഹകരണ സ്ഥാപനങ്ങൾ വഴി പ്രത്യേക സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; | എ) സാധാരണക്കാരും പാവപ്പെട്ടവരുമായ അർഹതയുള്ള വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ അനുവദിക്കണമെന്നും, അർഹതപ്പെട്ട അപേക്ഷകർക്ക് കാലതാമസം കൂടാതെ യഥാസമയം വായ്പ ലഭ്യമാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) സംസ്ഥാനത്തെ വാണിജ്യ ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ വായ്പകൾക്കുള്ളതിനേക്കാൾ എന്തൊക്കെ ലളിതമായ വ്യവസ്ഥകളാണ് ഇത്തരം വായ്പകൾക്ക് നിഷ്ക്കർഷിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ; | ബി) സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾക്ക് വായ്പ വിതരണത്തിൽ നബാർഡ്, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെ കൂടി മാനദണ്ഡങ്ങൾ പാലിക്കേണ്ടതിനാൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് സംസ്ഥാനത്തൊട്ടാകെ സഹകരണ ബാങ്കുകൾക്ക് പൊതുവായി സ്വീകരിക്കാവുന്ന മാതൃകാ നിബന്ധനകൾ അംഗീകരിച്ചുകൊണ്ടാണ് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ വിതരണം ചെയ്യുന്നത്. വാണിജ്യ ബാങ്കുകളെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞ പലിശ നിരക്കാണ് സഹകരണ ബാങ്കുകൾ ഈടാക്കുന്നത്. 4.50 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശ ബാദ്ധ്യത കേന്ദ്ര സർക്കാർ വഹിക്കുന്ന കഴിഞ്ഞ സാമ്പത്തിക വർഷം മുതലുള്ള സർക്കാരിന്റെ വിദ്യാഭ്യാസ വായ്പയുള്ള പലിശ സബ്സിഡി സ്കീമിൽ ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നുള്ള വിദ്യാഭ്യാസ വായ്പകളെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. സഹകരണ ബാങ്കുകളിൽ നിന്നും വിതരണം ചെയ്തിട്ടുള്ള വിദ്യാഭ്യാസ വായ്പയെ ഉൾപ്പെടുത്താത്തത് സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ള വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുകയും സഹകരണ ബാങ്കുകളിൽ നിന്നുള്ള വിദ്യാഭ്യാസ വായ്പ ആകർഷകമല്ലാതാക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷമാണ് സംജാതമായിരിക്കുന്നത്. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തെ ഏതൊക്കെ പ്രൊഫഷണൽ കോഴ്സുകൾക്കാണ് യാതൊരു കൊളാറ്ററൽ സെക്യൂരിറ്റിയും കൂടാതെ വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ; | സി) | മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രികൾച്ചറൽ, വെറ്റിനറി, ദന്തൽ, നേഴ്സിംഗ്, ബി.ഫാം, പോസ്റ്റ് ഗ്രാഡ്യോറ്റ് ഡിപ്ലോമകൾ, നിയമം, ബിസിനസ്സ് മാനേജ്മെന്റ്, ബിരുദാനന്തര ബിരുദങ്ങൾ, കമ്പ്യൂട്ടർ, ഇൻഫർമേഷൻ ടെക്നോളജി, പാരാമെഡിക്കൽ കോഴ്സുകൾ, ടൂറിസം, ഹോട്ടൽ മാനേജ്മെന്റ് തുടങ്ങി കേരളത്തിലെ യൂണിവേഴ്സിറ്റികൾ, സർക്കാർ/സർക്കാർ അംഗീകൃത കൗൺസിലുകൾ/എ.ഐ.സി.റ്റി.ഇ തുടങ്ങിയവർ അംഗീകരിച്ചിട്ടുള്ള കോഴ്സുകൾക്ക് സർക്കാർ/സർക്കാർ അംഗീകൃത കോളേജുകളിൽ/സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ട്. കുടുംബ വാഷിക വരുമാനം 4 ലക്ഷം രൂപ വരെയുള്ളവർക്ക് 4.50 ലക്ഷം രൂപ വരെ വായ്പ ആവശ്യമുള്ളവർക്ക് ഈടില്ലാതെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| ഡി) | കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ ആകെ എത്ര രൂപയാണ് സഹകരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ വായ്പയായി അനുവദിച്ചത്; | ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ സഹകരണ ബാങ്കുകൾ മുഖേന പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുൾപ്പെടെ ആകെ 3078.99 ലക്ഷം രൂപയുടെ വിദ്യാഭ്യാസ വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്. |
| ഇ) | അനുവദിച്ച വായ്പകളിൽ യാതൊരു കൊളാറ്ററൽ സെക്യൂരിറ്റിയും കൂടാതെ എത്ര കോടി രൂപയുടെ എത്ര വായ്പകളാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ; | ഇ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ കഴിഞ്ഞ സാമ്പത്തിക വർഷം പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി 789 വായ്പകളിലായും 12.21 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പകളാണ് ഈടില്ലാതെ വിതരണം ചെയ്തിട്ടുള്ളത്. |
| എഫ്) | നടപ്പു വർഷം ഇത്തരത്തിൽ എത്ര കോടി രൂപയുടെ വായ്പകൾ നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ? | എഫ്) | 2009-2010 വർഷം മുതൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പയുള്ള പലിശ സബ്സിഡി സ്കീമിൽ ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്ന് വിതരണം ചെയ്തിട്ടുള്ള വിദ്യാഭ്യാസ വായ്പയെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. സഹകരണ ബാങ്കുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താത്തത് സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുക്കുന്ന വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. ആയത് സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പാ വിതരണത്തേയും തിരിച്ചടവിനേയും പ്രതികൂലമായി ബാധിക്കുന്നതാണ്. ഈ സാഹചര്യത്തിലും ഉന്നത വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുമായി സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുഖേന അർഹതയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ വായ്പ അനുവദിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Rajendran

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 578**

**26.7.10 - ൽ മറുപടിക്ക്**

**ഇ.എം.എസ്. ഭവന പദ്ധതിക്ക് വായ്പ നൽകുന്ന പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ.എ. ഷുക്കൂർ:<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:<br>ശ്രീ. എം. മുരളി :<br>ശ്രീ. കെ. ബാബു: | | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പ നൽകുന്നതിന് സഹകരണ വകുപ്പ് പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതിക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ / ബാങ്കുകൾ മുഖേന വായ്പ നൽകുന്ന പദ്ധതിക്ക് സഹകരണ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി ഇതുവരെ എത്രകോടി രൂപയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതിക്ക് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ / ബാങ്കുകൾ 419 കോടി രൂപയുടെ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ഈ വർഷം ഇനിയും എന്ത് തുക ഈ ഇനത്തിൽ വായ്പയായി വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (സി) | ഇ.എം.എസ്. ഭവന പദ്ധതിക്ക് സഹകരണ മേഖലയിൽ നിന്ന് 4000 കോടി രൂപ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ / ബാങ്കുകൾ മുഖേന ഈ വർഷം ഇനിയും 3581 - കോടി രൂപ വായ്പയായി വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ഡി) | ഈ പദ്ധതിക്ക് സഹകരണ മേഖലയിൽ നിന്നും വിതരണം ചെയ്യുന്ന വായ്പകളുടെ പലിശത്തുക സബ്സിഡിയായി അനുവദിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്? | (ഡി) | ഇ. എം.എസ് ഭവന പദ്ധതിക്ക് സഹകരണ സംഘങ്ങളിൽ / ബാങ്കുകളിൽ നിന്നും വിതരണം ചെയ്യുന്ന വായ്പയുടെ പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണ്. ടി പലിശ ഓരോ വർഷവും പരമാവധി 4 തവണകളായി സർക്കാർ ബന്ധപ്പെട്ട സഹകരണ സംഘത്തിന് / ബാങ്കിന് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 579

26.07.2010 - ൽ മറുപടിയ്ക്ക്

## വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ ഭേദഗതി വരുത്തണമെന്നാവശ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.എൻ.രാജൻ<br>ശ്രീ.കെ.രാജു<br>ശ്രീ. പി.തിലോത്തമൻ | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള നിവേദനങ്ങൾ നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പ്രസ്തുത റിപ്പോർട്ട് നടപ്പാക്കിയാലുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാരും നബാർഡുമായി മുറപ്രകാരമുള്ള ധാരണാപത്രം ഒപ്പിടുന്നതിലൂടെ മാത്രമേ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പാക്കേജ് നടപ്പിലാക്കുന്നതിന് കഴിയുകയുള്ളു. ധാരണാപത്രത്തിൽ വിവക്ഷിച്ചിട്ടുള്ള നിയമപരവും സ്ഥാപനപരവുമായ പരിഷ്ക്കാരങ്ങൾ നടപ്പാക്കാമെന്ന് സമ്മതിച്ചാൽ മാത്രമേ പാക്കേജ് നടപ്പാക്കാൻ കഴിയുകയുള്ളു. സാമ്പത്തിക സഹായം ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളു. ധാരണാപത്രം ഒപ്പിട്ടാൽ പിന്നീട് അതിൽ നിന്നും |

പിൻമാറാൻ കഴിയുന്നതല്ല. കേരളം ഇതുവരെയും നബാർഡും കേന്ദ്ര സർക്കാരുമായും പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ധാരണാ പത്രം ഒപ്പിട്ടിട്ടില്ല. കേരളത്തിൻെറ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തിന് യോജിച്ച തരത്തിലും സംസ്ഥാന താൽപര്യം സംരക്ഷിച്ചു കൊണ്ടും സഹകരണ മേഖലയ്ക്ക് ദോഷകരമാകാതെയും പാക്കേജ് നടപ്പാക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകുകയാണെങ്കിൽ കേരളത്തിൽ പാക്കേജ് നടപ്പാക്കാമെന്നാണ് സംസ്ഥാന സർക്കാരിൻെറ നിലപാട്.

റിസർവ്വ് ബാങ്ക് അംഗീകാരമില്ലാത്ത സഹകരണസ്ഥാപനങ്ങൾ വോട്ടവകാശം ഇല്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാൻ പാടില്ലെന്നും 'ബാങ്ക്' എന്ന പദം രജിസ്റ്റർ ചെയ്ത പേരിനോടൊപ്പം ഉപയോഗിച്ചു കൂടാ എന്നതും മൂലധന പര്യാപ്തത ഉൾപ്പെടെയുള്ള പ്രൂഡൻഷ്യൽ നോംസ് ബാധകമാക്കുകയും സഹകരണ ബാങ്കുകളുടെ എല്ലാത്തരം പ്രവർത്തനങ്ങളും വാണിജ്യബാങ്കുകൾക്ക് സമാനമാക്കുക, സഹകരണസ്ഥാപനങ്ങളുടെ മേൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണ അധികാരങ്ങൾ ഏർപ്പെടുത്തുക, ഭരണസമിതിയെ പിരിച്ചു വിടുന്നതിനുള്ള സംസ്ഥാന സർക്കാർ അധികാരം നിയന്ത്രിക്കുക, സാമ്പത്തിക വിഷയങ്ങളിലെ നിയന്ത്രണ ഉത്തരവുകൾ പിൻവലിക്കുക, തുടങ്ങിയ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രഗവൺമെന്റിനോട് ആവശ്യ

പ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ വകുപ്പ് മന്ത്രി കേന്ദ്രധനകാര്യവകുപ്പ് മന്ത്രിയുമായി ചർച്ച ചെയ്യുകയുമുണ്ടായി.തുടർന്ന് സംസ്ഥാന, കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥതല ചർച്ച 11.12.2009ന് ഡൽഹിയിൽ വച്ച് നടക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ റിസർവ്വ് ബാങ്ക് നബാർഡ് പ്രതിനിധികളും പങ്കെടുത്തിരുന്നു. കേരളത്തിലെ സഹകരണമേഖലയിലെ വർദ്ധിച്ച നിക്ഷേപ അടിത്തറ, മറ്റ് ബാങ്കിംഗ് ഇടപാടുകളിലെ സഹകരണ മേഖലയുടെ പങ്ക്, സർക്കാരിന്റെ വിവിധ പദ്ധതികൾ സാമൂഹ്യ പ്രതിബദ്ധതയോടെ ഏറ്റെടുത്ത് നടപ്പാക്കുന്ന സാഹചര്യം എന്നിവ കണക്കിലെടുക്കുമ്പോൾ പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ചുള്ള കേരളത്തിന്റെ പ്രശ്നങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നു എന്ന നിഗമനത്തിൽ യോഗം എത്തിച്ചേരുകയും, പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ നബാർഡും കേന്ദ്ര സർക്കാരുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിന് നബാർഡിനെ യോഗം ചുമതലപ്പെടുത്തി. ഇക്കാര്യത്തിൽ കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം നേടേണ്ടതുണ്ടെങ്കിൽ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്ത് ഒരു പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിന് നബാർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി.

ഇതിന്റെ വെളിച്ചത്തിൽ ധാരണാപത്രം ഒപ്പിടുന്നതിന് സംസ്ഥാന സർക്കാർ സന്നദ്ധമാണെങ്കിൽ ഒരു പ്രത്യേക കേസ് എന്ന നിലയിൽ

കേരളത്തിൽ പാക്കേജ് നടപ്പാക്കുന്നതിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം നേടാമെന്നും യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. യോഗതീരുമാന പ്രകാരം നബാർഡാണ് ഇത് സംബന്ധിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടത്. ആയതിനായി സംസ്ഥാന സർക്കാരും നബാർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നബാർഡ് ഇക്കാര്യത്തിൽ യാതൊരു വിധ നടപടികളും സ്വീകരിച്ചതായി അറിയില്ല.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 580** **26-07-2010 – ൽ മറുപടിയ്ക്ക്**

**കോൾനിലങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എ.സി.മൊയ്തീൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) 2009-10 സാമ്പത്തിക വർഷത്തെ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി കോൾ നിലങ്ങളിൽ നെൽകൃഷി വികസനത്തിന് 140.9184 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. 2000 ഹെക്ടറിൽ ഗുണമേൻമയുള്ള വിത്തു വിതരണം, 5600 ഹെക്ടറിൽ കുമ്മായ വസ്തുക്കളുടെ വിതരണം, 760.67 ഹെക്ടറിൽ അധിക വിള ഉൽപ്പാദനം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്.<br>കൂടാതെ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ വിവിധ ഉൽപാദന ഉപാധികൾ നൽകുന്നതിന് 1500 രൂപ നിരക്കിൽ 172.695 ലക്ഷം രൂപ ഈ വർഷം ചെലവഴിക്കുവാനും കേന്ദ്ര നെൽകൃഷി വികസന പദ്ധതിയിൽ വിത്ത്, വളം, കീടനാശിനി, കർഷക പരിശീലനം, ഒറ്റഞാർ കൃഷി, ആധുനിക സാങ്കേതിക വിദ്യകൾ എന്നിവയുടെ പ്രദർശനത്തോട്ടം സജ്ജമാക്കൽ, കുമ്മായ വസ്തുക്കളുടെ വിതരണം എന്നീ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതിന് 46.485 ലക്ഷം രൂപ ചെലവിടുന്നതുമാണ്. കേന്ദ്രപദ്ധതിയായ ആർ.കെ.വി.വൈയിൽ ഉൾപ്പെടുത്തി |

| | |
|---|---|
| | (2009-10) കോൾമേഖലയിലെ ബണ്ടു നിർമ്മാണം, പെട്ടി, പറ, മോട്ടോർ ഷെഡ് നിർമ്മാണം എന്നിവയ്ക്കായി അനുമതി ലഭിച്ച 245 ലക്ഷം രൂപയുടെ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. |
| (ബി) മെച്ചപ്പെട്ട നെൽവിത്തുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) കോൾ നിലങ്ങളിൽ അത്യുത്പാദന ശേഷിയുള്ള നെൽവിത്തുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന വിത്ത് വികസന അതോറിറ്റി, കേരള കാർഷിക സർവ്വകലാശാല എന്നിവയുടെ ആഭിമുഖ്യത്തിൽ സ്വീകരിച്ചു വരുന്നു. |
| (സി) കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി എത്ര കോടി രൂപ അനുവദിച്ചു; | (സി) 2009-10 സാമ്പത്തിക വർഷത്തെ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ കാർഷിക ഉപകരണങ്ങളായ കൊയ്ത്ത് മെതിയന്ത്രം, പവർ ടില്ലറുകൾ, പറിച്ചു നടീൽ യന്ത്രം എന്നിവ കോൾ മേഖലയ്ക്ക് ലഭ്യമാക്കുന്നതിന് 203.36 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം ലഭ്യമാക്കുകയും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖാന്തിരം ടി യന്ത്രങ്ങൾ കോൾ മേഖലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>നടപ്പു സാമ്പത്തിക വർഷം കേന്ദ്ര പദ്ധതിയായ ചെറുകിട യന്ത്രവത്കരണ പദ്ധതി പ്രകാരം പവർടില്ലർ, റീപ്പർ, കൊയ്ത്തുമെതിയന്ത്രം, മോട്ടോർ, പമ്പ് സെറ്റ്, സ്പ്രെയർ മുതലായവ വാങ്ങുന്നതിനായി 7.5867 ലക്ഷം രൂപ കോൾ മേഖലയ്ക്കായി വകയിരുത്തിയിട്ടുണ്ട്. |
| (ഡി) കാർഷികമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ഡി) കേന്ദ്ര നെൽകൃഷി വികസന പദ്ധതി ആർ.കെ.വി.വൈ പദ്ധതി, ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നിവകളിലൂടെ കാർഷിക മേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | ആർ.കെ.വി.വൈ പദ്ധതി പ്രകാരം കോൾമേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ബണ്ട് നിർമ്മാണം, പെട്ടി, പറ, മോട്ടോർ, പമ്പ് സെറ്റ് സ്ഥാപിക്കൽ, മോട്ടോർ ഷെഡ് നിർമ്മാണം എന്നിവയ്ക്കായി 2009-10- ൽ അനുവദിച്ച 245 ലക്ഷം രൂപയുടെ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ കോൾ കൃഷി മേഖലയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തീകരിക്കാത്ത പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന ഭൂവികസന കോർപ്പറേഷന് 2.12872 കോടി രൂപ അനുവദിക്കുകയും പ്രവർത്തികൾ നടപ്പിലാക്കി വരികയുമാണ്. നടപ്പു സാമ്പത്തിക വർഷം കേന്ദ്ര നെൽകൃഷി വികസന പദ്ധതിയിൽ കാർഷിക മേഖലയിൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |
| (ഇ) കഴിഞ്ഞ സീസണിൽ കോൾ നിലങ്ങളിലെ നെല്ലുൽപാദനത്തിൽ എന്തു മാത്രം വർദ്ധനവ് ഉണ്ടായി എന്ന് വ്യക്തമാക്കുമോ? | (ഇ) | കോൾ മേഖലയിൽ ഒന്നാം വിള സീസണൽ ഉൽപാദനം 1500 ടണ്ണായി വർദ്ധിച്ചു. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 581 26.07.2010-ൽ മറുപടിയ്ക്ക്

**കുരുമുളകു കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോർജ്.എം.തോമസ്:<br>ശ്രീ. പി. കൃഷ്ണ പ്രസാദ്<br>ശ്രീ. കെ.കെ.ജയചന്ദ്രൻ:<br>ശ്രീ. കെ.സി.രാജഗോപാലൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം 600 ലക്ഷം രൂപയുടെ കുരുമുളക് പാക്കേജ് പദ്ധതി വയനാട് ജില്ലയിൽ നടപ്പാക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കുരുമുളക് കൃഷിയുടെ പുനരുദ്ധാരണ പാക്കേജിനും ജൈവ കുരുമുളക് കൃഷിക്കും വിപുലമായ രണ്ട് പാക്കേജുകൾ വയനാട് ജില്ലയിൽ നടപ്പാക്കിവരുന്നു. പദ്ധതിയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഈ പദ്ധതികളുടെ കീഴിൽ ജില്ലയിലെ തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ കുരുമുളക് നഴ്സറികൾ സ്ഥാപിക്കുന്നതിന് 3 ലക്ഷം രൂപ ചെലവിൽ 15 കുരുമുളക് നഴ്സറികൾ സ്ഥാപിക്കും. ഓരോ നഴ്സറിക്കും 20,000/-രൂപ ധനസഹായം നൽകും.<br>2. കുരുമുളക് വള്ളികൾ പടർത്തുന്നതിന് വേണ്ടി 8.25 ലക്ഷം സ്റ്റാൻഡേർഡുകൾ (താങ്ങുമരങ്ങൾ) വച്ചു പിടിപ്പിക്കുന്നതിന് 10/- രൂപ നിരക്കിൽ സ്റ്റാൻഡേർഡിന് ധനസഹായം നൽകുന്നതിന് |

| | | | |
|---|---|---|---|
| | | | മൊത്തം 82.50 ലക്ഷം രൂപ നൽകുന്നതാണ്.<br>3. കുരുമുളക് പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കുന്നതിന് ഒരേക്കർ വലിപ്പമുള്ള പ്രദർശനത്തോട്ടത്തിന് 10,000/-രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ഇത്തരം 200 പ്രദർശനത്തോട്ടങ്ങൾക്ക് 20 ലക്ഷം രൂപ നൽകി പദ്ധതി നടപ്പാക്കും.<br>4. ജില്ലയിലെ കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈ പ്രദർശനങ്ങളിലെ കുരുമുളക് കർഷകരുടെ സമിതി പുനരുജ്ജീവിപ്പിക്കുന്നതിനും ആയതിന്റെ പ്രവർത്തനങ്ങൾക്കുമായി 50 സമിതികൾക്ക് ധനസഹായം നൽകുന്നതാണ്. ഓരോ സമിതിക്കും 15,000/- രൂപ നൽകുക വഴി 7.50 ലക്ഷം രൂപ ഈ ഇനത്തിൽ പദ്ധതി നടപ്പാക്കുന്നതിന് ചെലവാകും. |
| (ബി) | കുരുമുളക് ഉത്പാദനത്തിൽ കഴിഞ്ഞ വർഷം വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | ഉത്പാദനം വർദ്ധിച്ചതായി വിവരമില്ല. കുരുമുളകിനും താങ്ങു മരങ്ങൾക്കു പോലും രോഗബാധയുണ്ടായിരുന്നു. വൻപിച്ച ഒരു കുരുമുളകു പുനർജീവന പദ്ധതി നടപ്പാക്കി വരുന്നു. |
| (സി) | കുരുമുളക് കർഷകർക്കായി കേന്ദ്രം പ്രതി-വർഷം എത്ര കോടി രൂപ ഗ്രാന്റായി നൽകുന്നുണ്ട്; | (സി) & (ഡി) | രാജ്യത്ത് കുരുമുളക് കൃഷി ഉത്തേജിപ്പിക്കുന്നതിന്റെ ഭാഗമായി പഴയതും വാർദ്ധക്യം ബാധിച്ചതും രോഗ ബാധയേറ്റതുമായ കുരുമുളക് തോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും പുതിയ തോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ട് സ്പൈസസ് ബോർഡ്, |

| | | | |
|---|---|---|---|
| (ഡി) | കുരുമുളക് ഉത് പാദനം ഇരട്ടിയാക്കുന്നതിന് സ്പൈസസ് ബോർഡ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | | നാഷണൽ ഹോർട്ടി കൾച്ചർ മിഷന് 2009 ഫെബ്രുവരിയിൽ ഒരു പദ്ധതി നിർദ്ദേശം സമർപ്പിക്കുകയുണ്ടായി. നാഷണൽ ഹോർട്ടി കൾച്ചർ മിഷന്റെ 120 കോടി രൂപ ധനസഹായത്തോടെ മൊത്തം 230.58 കോടി രൂപ ചെലവിൽ 11-ാം പദ്ധതിക്കാലത്ത് നടപ്പാക്കുന്നതിനായി പ്രസ്തുത പദ്ധതി 2009 ഏപ്രിൽ മാസത്തിൽ കേന്ദ്ര കൃഷിയും സഹകരണവും മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. 2009-10-ൽ ഇടുക്കി ജില്ലയിൽ പൂർണ്ണമായും പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. നാഷണൽ ഹോർട്ടി കൾച്ചർ മിഷന്റെ 2009-10-ലേക്കുള്ള വിഹിതമായി 14 കോടി രൂപ ഇതിനായി ലഭിച്ചിട്ടുണ്ട്. 47.68 കോടി രൂപ ചെലവിൽ വയനാട് ജില്ലയിൽ നടപ്പാക്കുന്നതിനായി അത്തരത്തിൽ ഒരു പദ്ധതിക്ക് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | ആഗോള സാമ്പത്തിക മാന്ദ്യം കുരുമുളക് കയറ്റുമതിയെ ബാധിച്ചിട്ടുണ്ടോ; | (ഇ) | ഉണ്ട്. 2008-09-ൽ 413.74 കോടി രൂപയുള്ള 25250 ടണ്ണിൽ നിന്ന് 2009-10-ൽ 313.93 കോടി രൂപയുള്ള 1975 ടൺ ആയി ഇന്ത്യയിൽ നിന്നുള്ള കുരുമുളക് കയറ്റുമതി കുറഞ്ഞിട്ടുണ്ട്. |
| (എഫ്) | കേരളത്തിൽ നിന്നുള്ള കുരുമുളക് കയറ്റുമതിയിൽ കഴിഞ്ഞ വർഷം വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എഫ്) | വർദ്ധനവ് ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 582

26-07-2010 ൽ മറുപടിക്ക്

**എക്സൈസ് ഗാർഡ്, ഇൻസ്പെക്ടർ തുടങ്ങിയ തസ്തികകളിൽ വനിതാ പ്രാതിനിധ്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീമതി. ജെ. അരുന്ധതി:<br>ശ്രീമതി. കെ. എസ്. സലീഖ:<br>ശ്രീ. വി. ചെന്താമരാക്ഷൻ : | ശ്രീ. പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിൽ ഗാർഡ്, ഇൻസ്പെക്ടർ തുടങ്ങിയ തസ്തികകളിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) എക്സൈസ്ഗാർഡ് തസ്തികയിൽ കേഡർ സ്ട്രെങ്തിന്റെ 97% നേരിട്ടുള്ള നിയമനം വഴിയാണ് നടത്തുന്നത്. ഇതിന്റെ 10 ശതമാനം വനിതകളെ നേരിട്ട് നിയമിക്കുന്നതിനായി, 04-06-2008 തീയതിയിൽ G.O.(P).No.113/08/TD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം 274 ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇൻസ്പെക്ടർ തസ്തികയിൽ വനിതാ പ്രാതിനിധ്യം നൽകുന്നതിന് പ്രത്യേക നടപടികൾ ഒന്നും ഇതുവരെ സ്വീകരിച്ചിട്ടില്ല. |
| ബി) എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ എത്ര വനിതകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; | ബി) നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം, വനിതാ ഗാർഡുമാർ ആരും തന്നെയില്ല. എന്നാൽ, 12-03-2010 ലെ G.O.(Ms).No.60/2010/TD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ആശ്രിത നിയമന പദ്ധതിപ്രകാരം എക്സൈസ് വനിതാ ഗാർഡായി നിയമനം ലഭിച്ച ഒരു വനിത, തിരുവനന്തപുരം ഡിവിഷനിൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ജോലി നോക്കുന്നുണ്ട്. |
| സി) ഇൻസ്പെക്ടർ തസ്തികകളിലേക്ക് നേരിട്ട് നിയമനം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | സി) സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിട്ടുള്ള അനുപാതം കണക്കിലെടുത്തുകൊണ്ട് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു വരുന്നുണ്ട്. |
| ഡി) ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഡി) ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 583 26.07.2010 ൽ മറുപടിയ്ക്ക്

**പട്ടികവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | ശ്രീ. എ.കെ. ബാലൻ<br>പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും<br>വകുപ്പു മന്ത്രി |

(എ) പട്ടികവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(എ) പട്ടികവർഗ്ഗ വികസന വകുപ്പിലെ ആശ്രമം/മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ പഠനനിലവാരം സംബന്ധിച്ച് എസ്.സി.ഇ.ആർ.റ്റി. പഠനം നടത്തിയിട്ടുണ്ട്. എസ്.സി.പി., ടി.എസ്.പി. പദ്ധതി പ്രകാരം ഇടുക്കി, വയനാട്, കണ്ണൂർ ജില്ലകൾ ഒഴികെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ പദ്ധതികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തെക്കൊണ്ട് പഠനം നടത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) പട്ടികവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. വിജയ ശതമാനം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെച്ചപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ട്. സംസ്ഥാനമൊട്ടാകെയുള്ള സ്കൂളുകളിലും പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 7 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും അയ്യങ്കാളി മെമ്മോറിയൽ സ്പോർട്സ് സ്കൂളിലും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലും എസ്.എസ്.എൽ.സി. വിജയശതമാനം മെച്ചപ്പെട്ടിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം അനുബന്ധമായി ചേർക്കുന്നു.

(സി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കഴിഞ്ഞ എസ്.എസ്. എൽ.സി. പരീക്ഷയിൽ എത്ര ശതമാനം പട്ടികജാതി പട്ടികവിഭാഗം വിദ്യാർത്ഥികൾ വിജയിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2009-10 വർഷത്തെ എസ്.എസ്. എൽ.സി. പരീക്ഷയുടെ വിജയശതമാനം താഴെചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം | വിജയിച്ച കുട്ടികളുടെ എണ്ണം |
|---|---|---|---|
| 1 | ആലപ്പുഴ | 34 | 34 |
| 2 | ഇടുക്കി | 35 | 35 |
| 3 | എണറാകുളം (ബി) | 32 | 31 |
| 4 | തൃശ്ശൂർ | 0 | 0 |
| 5 | പാലക്കാട് | 33 | 33 |
| 6 | കോഴിക്കോട് (ബി) | 25 | 25 |
| 7 | കാസർഗോഡ് (ബി) | 27 | 27 |
| 8 | അയ്യങ്കാളി സ്പോർട്സ് സ്കൂൾ, വെള്ളായണി (ബഴ്ജി) | 27 | 25 |
| ആകെ | | 213 | 210 |

പരീക്ഷ എഴുതിയ വിദ്യാർത്ഥികളിൽ 98% പേരും വിജയിച്ചു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള 16 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 11 സ്കൂളുകൾ 2010-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം കൈവരിച്ചു. ശേഷിച്ച 5 സ്കൂളിലെ 128 വിദ്യാർത്ഥികളിൽ 112 പേർ വിജയിക്കുകയും അവശേഷിച്ച 16 പേരിൽ 15 പേരും സേ പരീക്ഷയെഴുതി ജയിക്കുകയും ചെയ്തു. സേ പരീക്ഷ കഴിഞ്ഞതോടെ പട്ടികവർഗ്ഗ വികസന വകുപ്പിലെ 15 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും 100% വിജയം നേടിയിട്ടുണ്ട്.

(ഡി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

(ഡി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഏഴ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും വെള്ളായണി അയ്യങ്കാളി മെമ്മോറിയൽ സ്പോർട്സ് സ്കൂളിലും സ്മാർട്ട് ക്ലാസ് റൂമുകൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മൾട്ടിമീഡിയ കമ്പ്യൂട്ടർ, ഡി.എൽ.പി. പ്രൊജക്ടർ, മൾട്ടിമീഡിയ സ്പീക്കർ സിസ്റ്റം, യു.പി.എസ്., ട്രെയിനിംഗ് കിറ്റ് തുടങ്ങിയവ ക്ലാസ്സ് റൂമുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇതിനായി ഒരോ മോഡൽ റസിഡൻഷ്യൽ സ്കൂളിനും സ്പോർട്സ് സ്കൂളിനും 1,55,421 രൂപ വീതം അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള കട്ടേല, ഞാറനീലി, കുളത്തൂപ്പുഴ, വടശ്ശേരിക്കര, ഈരാറ്റുപേട്ട, മൂന്നാർ, ഇടുക്കി, ചാലക്കുടി, അട്ടപ്പാടി, നിലമ്പൂർ, കൽപ്പറ്റ, പൂക്കോട്, നല്ലൂർനാട്, നൂൽപ്പുഴ, കണ്ണൂർ, കാസർഗോഡ് എന്നീ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കെൽട്രോൺ മുഖേന 2008-09 വർഷം മുതൽ സ്മാർട്ട് ക്ലാസ് സജ്ജീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

### പട്ടികജാതി വികസന വകുപ്പ്

| ക്രമ നം. | വർഷം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | വിജയശതമാനം |
|---|---|---|---|---|
| 1 | 2006 | 44062 | 21320 | 48.39 |
| 2 | 2007 | 42664 | 27746 | 65.03 |
| 3 | 2008 | 41392 | 34511 | 83.37 |
| 4 | 2009 | 41384 | 34656 | 83.74 |
| 5 | 2010 | 42787 | 34450 | 80.52 |

### പട്ടികവർഗ്ഗ വികസന വകുപ്പ്

| ക്രമ നം. | വർഷം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | വിജയശതമാനം |
|---|---|---|---|---|
| 1 | 2006 | 5082 | 2120 | 41.69 |
| 2 | 2007 | 4907 | 2958 | 60.28 |
| 3 | 2008 | 4836 | 3998 | 82.46 |
| 4 | 2009 | 5127 | 4061 | 79.21 |
| 5 | 2010 | 5367 | 4204 | 78.33 |

Bup

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

15 -ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 584

26.07.2010 - ൽ മറുപടിയ്ക്ക്

## കൺസ്യൂമർ ഫെഡിന്റെ കീഴിൽ ഉത്സവകാലത്ത് പ്രത്യേക ചന്തകളും വിൽപനശാലകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.എ.എ. ഷുക്കൂർ<br>ശ്രീ. ജോർജ്ജ് മേഴ്സിയർ | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ ഉത്സവകാലത്ത് സംസ്ഥാനത്ത് പ്രത്യേക ചന്തകളും വിൽപനശാലകളും നടത്തുന്നതിന് സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർഫെഡ് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിരുന്നു എന്ന് വിശദീകരിക്കുമോ; | (എ) കഴിഞ്ഞ വിഷു, ഓണം, റംസാൻ, ബക്രീദ്, ക്രിസ്തുമസ് എന്നീ ഉത്സവകാലങ്ങളിൽ പ്രത്യേക ചന്തകളും വില്പന ശാലകളും സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡ് മുഖേന നടത്തിയിരുന്നു. പ്രസ്തുത വിപണന കേന്ദ്രങ്ങളിലൂടെ കൺസ്യൂമർ ഫെഡിന്റെ സ്വന്തം യൂണിറ്റുകളിലൂടെയും സഹകരണ സംഘങ്ങളിലൂടെയും പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെയും ഗുണമേൻമയുള്ള നിത്യോപയോഗ സാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ 20% മുതൽ 60% വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) ഇതിനായി സബ്സിഡി ഇനത്തിൽ എന്തു തുകയാണ് കൺസ്യൂമർ ഫെഡഡിന് നൽകിയത്; | (ബി) 2009-2010 സാമ്പത്തിക വർഷം കൺസ്യൂമർ ഫെഡ് നടത്തിയ ഉത്സവകാല ചന്തകൾക്ക് 20 കോടി രൂപ സബ്സിഡി ഇനത്തിൽ കൺസ്യൂമർ ഫെഡിന് നൽകിയിട്ടുണ്ട്. |
| (സി) ഈ വർഷത്തെ ഉത്സവകാലത്ത് കൺസ്യൂമർ ഫെഡ് എന്തൊക്കെ മാർക്കറ്റ് ഇടപെടലുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; | (സി) ഈ വർഷത്തെ ഉത്സവകാലത്ത് സഹകരണ ഓണം-റംസാൻ വിപണി അഞ്ച് ഘട്ടങ്ങളിലായി 75 ദിവസം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി കൺസ്യൂമർ ഫെഡിന് സബ് സിഡി ഇനത്തിൽ എന്തു തുക മാറ്റിവ യ്ക്കണമെന്നാണ് സഹകരണ വകുപ്പ് സർ ക്കാരിനോടാവശ്യപ്പെട്ടിരിക്കുന്നത്; | (ഡി) | ജൂലൈ 20 മുതൽ ഒക്ടോബർ 2 വരെ 75 ദിവസം നീണ്ടു നിൽക്കുന്ന വിപണനം നടത്തുന്നതിന് 13 ഇനം നിത്യോപയോഗ സാധനങ്ങൾക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷനു നൽകുന്നതിനു സമാന മായ രീതിയിൽ സബ്സിഡി നൽകണ മെന്നും അതിനു പുറമെ ഒന്നാം ഘട്ട പദ്ധതിയ്ക്ക് 2 കോടി രൂപയും രണ്ടാം ഘട്ട പദ്ധതിക്ക് 16 കോടി രൂപയും മൂന്നാം ഘട്ട പദ്ധതിക്ക് 4 കോടി രൂപയും നാലാം ഘട്ട പദ്ധതിക്ക് 8 കോടി രൂപയും അഞ്ചാം ഘട്ട പദ്ധതി നടപ്പിലാക്കാൻ 5 കോടി രൂപയും ഉൾപ്പടെ 35 കോടി രൂപ വിവിധയിനം അരിയും ഓണം റംസാൻ വിഭവങ്ങളും ഉൾപ്പടെ വില്പന നടത്തുന്ന തിനുള്ള പ്രത്യേക സാമ്പത്തിക സഹായ മായി അനുവദിക്കുന്നതിനും ആയതിന്റെ ഭാഗമായി നിത്യോപയോഗ സാധനങ്ങൾ മുൻകൂട്ടി സംഭരിക്കാനുള്ള ആവശ്യത്തി ലേയ്ക്കായി 20 കോടി രൂപ മുൻകൂറായി അനുവദിക്കണമെന്നും സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. |
| (ഇ) | കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഈ ഉത്സവ കാലത്ത് ഏതൊക്കെ മേഖ ലകളിൽ കൂടുതൽ മാർക്കറ്റ് ഇടപെടൽ നടത്താനാണ് ഉദ്ദേശിക്കുന്നത്? | (ഇ) | അവശ്യ സാധന വിതരണ മേള എന്ന പേരിൽ സെപ്റ്റംബർ 11 മുതൽ ഒക്ടോബർ 2 വരെ നീണ്ടു നിൽക്കുന്ന 5000 സഹകരണ വിപണന കേന്ദ്രങ്ങളി ലൂടെ 10 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയിൽ നിന്നും ശരാശരി 25% വില കുറച്ച് വിൽപ്പന നടത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 585 | 26-07-2010 – ൽ മറുപടിയ്ക്ക്

പാമോയിലിന് അനുവദിച്ചിട്ടുള്ളതുപോലെ വെളിച്ചെണ്ണയ്ക്കും സബ്സിഡി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) പാമോയിലിന് അനുവദിച്ചിട്ടുള്ളതുപോലെ വെളിച്ചെണ്ണയ്ക്കും സബ്സിഡി അനുവദിക്കുമെന്ന കേന്ദ്രമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതല്ലാതെ കേന്ദ്ര ഗവൺമെൻറിൽ നിന്നും യാതൊരറിയിപ്പും ലഭിച്ചിട്ടില്ല. |
| (ബി) വെളിച്ചെണ്ണയ്ക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; | (ബി) നാളിതുവരെ വെളിച്ചെണ്ണയ്ക്ക് കേന്ദ്രസർക്കാർ സബ്സിഡി ഒന്നും തന്നെ അനുവദിച്ചിട്ടില്ല. പാമോയിലിന് അനുവദിച്ച 15രൂപ സബ്സിഡി വെളിച്ചെണ്ണയ്ക്കും അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കൃഷി വകുപ്പ് മന്ത്രി 24.06.2009-ൽ കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്കും കേന്ദ്ര കൃഷി വകുപ്പു സഹമന്ത്രിക്കും കത്ത് അയച്ചിരുന്നു. നാളികേര കർഷകരെ സഹായിക്കുന്നതിനായി വെളിച്ചെണ്ണയ്ക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രി 22.12.2009 ൽ ബഹു. പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു. |
| (സി) കൊപ്രയുടെ താങ്ങുവിലയിൽ കേന്ദ്ര സർക്കാർ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പര്യാപ്തമാണോ; | (സി) ഇല്ല. 2009 സീസണിൽ പ്രഖ്യാപിച്ച അതേ താങ്ങുവില തന്നെയാണ് 2010 സീസണിലേക്കും കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഫെയർ ആവറേജ് ക്വാളിറ്റി അനുസരിച്ച് മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 4450 രൂപയും ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് |

.................2

4700 രൂപയുമാണ്. ഇത് യഥാക്രമം 4950 രൂപയും 5200 രൂപയുമായി 2011 സീസണിൽ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) കേരോൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് സർക്കാർ എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നത് എന്ന് വിശദീകരിക്കാമോ;

(ഡി) കേരഫെഡ് വെളിച്ചെണ്ണ ഉൽപാദിപ്പിക്കുന്നതിനു പുറമേ കരുനാഗപ്പള്ളിയിൽ പണിതുവരുന്ന പ്ലാന്റ് പൂർത്തീകരിക്കുമ്പോൾ പുതിയ പ്രോജക്ടുകൾ നടപ്പിലാക്കുന്നതാണ്. ഡെസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് ക്രീം, വിനാഗിരി, തെങ്ങിൻ പൂക്കുല രസായനം, വെന്തവെളിച്ചെണ്ണ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ പരിശോധിച്ചു വരുന്നു. കൂടാതെ തെങ്ങിൻതടി ഉപയോഗിച്ച് പാനൽ ബോർഡ്, കട്ടള, ജന്നൽ, ഗൃഹോപകരണങ്ങൾ എന്നിവയുടെ പ്രോജക്ടുകളും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഇ) വെളിച്ചെണ്ണക്കെതിരെയുള്ള ദുഷ്പ്രചരണങ്ങൾ ശാസ്ത്രീയമായി തുറന്നുകാട്ടുന്നതിനും വെളിച്ചെണ്ണയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(ഇ) വെളിച്ചെണ്ണക്കെതിരെയുള്ള ദുഷ്പ്രചരണങ്ങൾ ശാസ്ത്രീയമായി നേരിടുന്നതിനും വെളിച്ചെണ്ണയുടെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും നാളികേര വികസന ബോർഡ് പല നടപടികളും കൈക്കൊണ്ടിട്ടുണ്ട്. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷ്യൻ തുടങ്ങിയ പ്രശസ്ത സ്ഥാപനങ്ങൾ ബോർഡിന്റെ സാമ്പത്തിക സഹായം ഉപയോഗിച്ച് ശാസ്ത്രീയ പഠനങ്ങൾ നടത്തിവരികയാണ്. കൂടാതെ, ഇലക്ട്രോണിക് പ്രിന്റ്, മറ്റു മാധ്യമങ്ങൾ വഴി പരസ്യങ്ങൾ, ഹോൾഡിങ്ങുകൾ സ്ഥാപിക്കൽ തുടങ്ങിയ രീതികളും സ്വീകരിച്ചു വരുന്നു. പ്രശസ്ത ഡോക്ടർമാരുടെ സാന്നിദ്ധ്യത്തിൽ ചർച്ചകളും സെമിനാറുകളും നടത്തി വെളിച്ചെണ്ണയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നു.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 586

26.07.2010- ലെ മറുപടിക്ക്

## കയർ മേഖലയിലെ മൂലധന നിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി.എം. ദിനേശ്മണി**<br>**ശ്രീ. സി.കെ. സദാശിവൻ**<br>**ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്**<br>**ശ്രീ.എം.കെ. പുരുഷോത്തമൻ** | **ശ്രീ. ജി. സുധാകരൻ**<br>**(സഹകരണവും കയറും വകുപ്പു മന്ത്രി)** |
| (എ) കയർ മേഖലയിലെ മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ജീവന ക്ഷമമായ കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിച്ചും അവയുടെ ബാദ്ധ്യതകൾ സർക്കാർ ഷെയറായും എഴുതി തള്ളിയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പ ഒറ്റത്തവണ തീർപ്പാക്കുന്ന കയർ കടാശ്വാസ പദ്ധതി നടപ്പിലാക്കിയും ഈ മേഖലയിലെ മൂലധന നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ സഹകരണ മേഖല, കുടുംബശ്രീ, സി ഡി എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർക്ക് പുതിയ ഡീഫൈബ റിംഗ് മില്ല് സ്ഥാപിക്കുന്നതിന് 75% സബ്സിഡി പരമാവധി 25 ലക്ഷം രൂപയും സ്വകാര്യ ഡീഫൈബറിംഗ് യൂണി റ്റുകൾക്ക് മൂലധന നിക്ഷേപത്തിന്റെ 50% പരമാവധി 10 ലക്ഷം രൂപയും അനുവദിച്ചു വരുന്നു. കൂടാതെ സർക്കാർ മേഖലയിൽ കയർ വ്യവസായത്തിനാവശ്യമായ യന്ത്രനിർമ്മാണ ഫാക്ടറി, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. ന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പസിറ്റ് ഫാക്ടറി, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സങ്കരയാൺ ഫാക്ടറി, കയർ സഹകരണ സംഘങ്ങളിൽ നടപ്പിലാക്കുന്ന അടിസ്ഥാന വികസന പദ്ധതി ഇവയെല്ലാം കയർ മേഖലയിൽ മൂലധന നിക്ഷേപം വർദ്ധിപ്പിക്കാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികളാണ്. |

| | |
|---|---|
| (ബി) ആലപ്പുഴയിൽ സ്ഥാപിക്കുന്ന കയർ യന്ത്ര നിർമ്മാണ ഫാക്ടറിയ്ക്കു വേണ്ടി എത്ര കോടി രൂപ മുതൽ മുടക്കുമെന്ന് വെളിപ്പെടുത്തുമോ; | (ബി) ഏകദേശം 18.34 കോടി രൂപ മുതൽ മുടക്കുവരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) കയർഫെഡിന്റെ ചുമതലയിൽ പി വി സി ടഫ്റ്റഡ് ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (സി) കേന്ദ്ര സർക്കാരിന്റെ ഇൻഡസ്ട്രി ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീം പ്രകാരം കയർഫെഡിന് ഒരു പി വി സി ടഫ്റ്റഡ് കയർ മാറ്റ്സ് ഉൽപ്പാദന ശാല നടപ്പിലാക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കയർ ക്ലസ്റ്റർ ഡവലപ്മെന്റ് സൊസൈറ്റി ഫാക്ടറി സ്ഥാപിക്കുന്നതിന് കൺസൾട്ടന്റായ കിറ്റ്കോ മുഖേന ടെൻഡർ ക്ഷണിക്കുകയും ടെക്നിക്കൽ ഇവാല്യുവേഷൻ നടത്തുകയും കൊമേഷ്യൽ ടെൻഡർ ഫൈനലൈസേഷൻ ഘട്ടത്തിലാണ്. പ്രോജക്ട് ഉടനടി കയർഫെഡിനു വേണ്ടി നടപ്പിലാക്കുവാൻ ആലപ്പുഴ കയർ ക്ലസ്റ്റർ ഡവലപ്മെന്റ് സൊസൈറ്റി നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) ഡീഫൈബറിംഗ് മില്ലുകളുടെ പുനരുജ്ജീവനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) ആവിഷ്കരിച്ചിട്ടുണ്ട്. 8/12/09-ലെ ജി. ഒ. (എം എസ്) 157/09/ഐ ഡി , 16/3/10 ലെ ജി. ഒ. (എം എസ്) 59/10/ഐ ഡി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സഹകരണ മേഖല, കുടുംബശ്രീ, സി ഡി എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള മില്ലുകൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 75% പരമാവധി 15 ലക്ഷം രൂപയും സ്വകാര്യ മേഖലയിലുള്ള യൂണിറ്റുകൾക്ക് 75% പരമാവധി 10 ലക്ഷം രൂപയും അനുവദിച്ചു വരുന്നു. |
| (ഇ) കയർ മേഖലയിൽ പുതുതായി എന്തെല്ലാം പദ്ധതികൾക്കു ഈ വർഷം തുടക്കം കുറിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ഇ) 2010-11 ലെ ബഡ്ജറ്റിൽ പുതിയതായി ആരംഭിച്ചിട്ടുള്ള പ്രധാന പദ്ധതി സംഘം ജീവനക്കാർക്കുള്ള ക്ഷേമ പദ്ധതിയാണ്. കേരള കയറിന്റെ പ്രചരണാർത്ഥം 2010 കയർ വർഷമായി ആചരിക്കുകയാണ്. ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേയ്ക്കായി 2009-10 വർഷം മുതൽ നടപ്പിലാക്കി വരുന്ന തൊണ്ട് സംഭരണ പദ്ധതി, പുതിയ ഡീഫൈബറിംഗ് മിൽ പദ്ധതി, ഡീഫൈബറിംഗ് മില്ലുകളുടെ പുനരുദ്ധാരണ പദ്ധതി, എന്നിവ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

- 31/12/2010 നകം കമ്മീഷൻ ചെയ്യത്തക്ക രീതിയിൽ കയർ വ്യവസായത്തിനാവശ്യമായ യന്ത്ര നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

- 2010-11 ൽ കമ്മീഷൻ ചെയ്യത്തക്ക രീതിയിൽ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. ന്റെ ആഭിമുഖ്യത്തിലുള്ള കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറിയുടെയും കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിലുള്ള സങ്കരയാൺ ഫാക്ടറിയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

- 2009-10 ൽ തുടക്കം കുറിച്ച കയർ കടാശ്വാസ പദ്ധതിയും, ത്രിഫ്റ്റ്, ഷെയർ, ഗ്രാറ്റുവിറ്റി എന്നിവ തിരികെ നൽകുന്ന പദ്ധതിയും 2010-11 ലും കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

- കേരള കയറിന്റെ വിപണനത്തിന് കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരണ പദ്ധതി പുരോഗമിച്ചു വരുന്നു.

- 2009 ഓണക്കാലയളവിൽ പരീക്ഷണാർത്ഥം നടപ്പിലാക്കിയ ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം പദ്ധതി 2010 ൽ അതിവിപുലമായി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.
- NCRMI വികസിപ്പിച്ച 1000 മിനി ഡീഫൈബറിംഗ് മില്ലുകൾ 2010 ഡിസംബറിനകം വിതരണം പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം
നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 587     26.07.2010 ൽ മറുപടിയ്ക്ക്

**പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി. കൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. എ.കെ. ബാലൻ<br>പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും<br>വകുപ്പു മന്ത്രി |

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ എത്ര ഐ.ടി.സി. കൾ പ്രവർത്തിക്കുന്നു ;

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നിലവിൽ 41 ഐ.ടി.സി. കൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ കാസർഗോഡ് ജില്ലയിലെ ബേളയിലും, കോഴിക്കോട് ജില്ലയിലെ തൂണേരിയിലും പുതിയ ഐ.ടി.സി. കൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി കൾ വിശദമാക്കുമോ ;

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 41 ഐ.ടി.സി. കളിലെ നിലവിലുള്ള 12 ട്രേഡുകൾക്കും എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭ്യമാക്കിയിട്ടുണ്ട്. എൻ.സി.വി.റ്റി. നോംസിന്റെ അടിസ്ഥാനത്തിലുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ട്രെയിനികളുടെ പഠനനിലവാരവും ഐ.ടി.സി കളുടെ പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിനായി എല്ലാ ഐ.ടി.സി. കളിലും കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ആധുനിക തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ചെറുവത്തൂർ, കേരളാധീശ്വരപുരം, മാടപ്പള്ളി, പന്തളം, മരിയാപുരം എന്നി ഐ.ടി.സി. കളിൽ കമ്പ്യൂട്ടർ കോഴ്സുകൾ ആരംഭിക്കുന്നതിന് മേൽ ഐ.ടി.സി. കളിൽ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വെട്ടിക്കവല ഐ.ടി.സി. യിൽ പ്രസ്തുത ആവശ്യത്തിനുള്ള കെട്ടിട നിർമ്മാണം പൂർത്തിയായി വരുന്നു. മര്യാപുരം, പന്തളം, ചെറുവത്തൂർ, മാടപ്പള്ളി, കേരളാധീശ്വരപുരം എന്നീ ഐ.ടി.സി. കളിൽ കെട്ടിടം പണി 50% പൂർത്തിയായതിനെ തുടർന്ന് കോഴ്സ് ആരംഭിക്കുന്നതിന് ആവശ്യമായ തസ്തിക സൃഷ്ടിക്കൽ അടക്കമുള്ള ചെലവുകളുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഐ.ടി.സി. കളിൽ ഇന്റർനെറ്റ് സംവിധാനം നടപ്പിലാക്കി വരുന്നു.

ഐ.ടി.സി. കളിൽ നിലവിൽ പരിശീലനം നേടുന്ന ട്രെയിനികൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം ലഭ്യമാക്കുന്നതിനായി ഐ.റ്റി. ലിറ്ററസി കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എൻ.സി.വി.റ്റി. നോംസ് പ്രകാരം എല്ലാ ട്രേഡുകളിലും ആവശ്യമായ പഠനോപകരണങ്ങളും മെഷീനറികളും അതോടൊപ്പം ആധുനിക പഠനോപകരണങ്ങളും യഥാസമയം ഐ.റ്റി.സി. കളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഐ.ടി.സി. കളിലെ പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് ട്രേഡുകളിൽ കൂടുതൽ

പ്രാവീണ്യം നേടുന്നതിനായി ട്രെയിനിംഗ് കം എംപ്ലോയ്മെന്റ് സ്കീമും അഡീഷണൽ അപ്രന്റിസ്ഷിപ്പ് സ്കീമും നടപ്പിലാക്കി വരുന്നു.

ഐ.ടി.സി. കളിൽ ആൾ ഇൻഡ്യാ ട്രേഡ് ടെസ്റ്റിന് പരാജയപ്പെടുന്ന ട്രെയിനികൾക്ക് ട്യൂഷൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. ഐ.ടി.സി. കളിലെ ട്രെയിനികൾക്ക് ശാസ്ത്രീയമായ രീതിയിൽ പരിശീലനം നൽകുന്നതിനായി ഗവൺമെന്റ് ഐ.റ്റി.ഐ. യിലെ ഇൻസ്ട്രക്ടർമാർക്ക് ക്രാഫ്റ്റ്മാൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നൽകിവരുന്ന ട്രെയിനിംഗ് ഇവിടെയുള്ള ഇൻസ്ട്രക്ടർമാർക്കും നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിൽ മംഗലം, പത്തനംതിട്ട ജില്ലയിൽ പന്തളം, ഐക്കാട്, തിരുവനന്തപുരം ജില്ലയിൽ മര്യാപുരം, തൃശ്ശൂർ ജില്ലയിൽ എങ്കക്കാട്, കോട്ടയം ജില്ലയിൽ എസ്.പി. കോളനി, കൊല്ലം ജില്ലയിൽ കുളക്കട, ഓച്ചിറ എന്നീ ഐ.റ്റി.സി. കളെ മോഡൽ റസിഡൻഷ്യൽ ഐ.ടി.സി. കളാക്കി ഉത്തരവായിട്ടുണ്ട്. പഠന/പരിശീലന കെട്ടിടങ്ങൾ, ഹോസ്റ്റൽ കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ചുവരുന്നു.

| | | | |
|---|---|---|---|
| (സി) | ഐ.ടി.സി. കളിൽ തൊഴിൽസാധ്യതയുള്ള ആധുനിക ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | സ്വീകരിച്ചിട്ടുണ്ട്. 07/04/2008-ലെ സ.ഉ. (എം.എസ്) നം.36/08/ പജപവവിവ. പ്രകാരം ഏലത്തൂർ ഐ.ടി.സി. യിൽ ഡ്രൈവർ കം മെക്കാനിക് (ലൈറ്റ് മോട്ടോർ വെഹിക്കിൾ) ട്രേഡും, സ.ഉ. (എം.എസ്) നം.27/08/പജപവവിവ. തീയതി 20/02/2008 പ്രകാരം ബേള ഐ.ടി.സി. യിൽ വെൽഡർ (ഗ്യാസ് & ഇലക്ട്രിക്) ട്രേഡും, 17/11/2009 ലെ സ.ഉ. (എം.എസ്) നം.103/2009/ പജപവവിവ. പ്രകാരം തൂണേരി ഐ.ടി.സി. യിൽ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) ട്രേഡും 15/07/2009 ലെ സ.ഉ. നം.736/2009/ പജപവവിവ. പ്രകാരം വർക്കല ഐ.ടി.സി. യിൽ ആർക്കിടെക്ചറൽ അസിസ്റ്റന്റ് എന്നീ ട്രേഡുകളും ആരംഭിക്കുന്നതിന് അനുമതി നൽകുകയും ഏലത്തൂർ ഐ.ടി.സി. യിൽ 2010 ഫെബ്രുവരി മുതൽ ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു. തൂണേരി, ബേള ഐ.ടി.സി. കളിൽ ആഗസ്റ്റ് 2 മുതൽ ക്ലാസുകൾ ആരംഭിക്കുന്നതാണ്. വർക്കല ഐ.ടി.സി. യിൽ കോഴ്സ് തുടങ്ങുന്നതിനുള്ള കെട്ടിടം പണി പൂർത്തിയാക്കുന്ന മുറയ്ക്ക് ക്ലാസുകൾ ആരംഭിക്കുന്നതാണ്. ഐ.ടി.സി. കളിൽ തൊഴിൽ സാധ്യതയുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | പുതുതായി ഐ.ടി.സി. കൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (ഡി) | സ്വീകരിച്ചിട്ടുണ്ട്.<br><br>17/11/09-ലെ സ.ഉ. നം.103/09/പജപവവിവ. പ്രകാരം കോഴിക്കോട് ജില്ലയിൽ തൂണേരി ഐ.ടി.സി. യിൽ (ഡി.സിവിൽ) ട്രേഡ് ആരംഭിക്കുന്നതിനും 20/12/08 ലെ സ.ഉ. (എം.എസ്) നം.27/08/പജപവവിവ. പ്രകാരം കാസർഗോഡ് ജില്ലയിൽ ബേള ഐ.ടി.സി. യിൽ വെൽഡർ (ഗ്യാസ് & ഇലക്ട്രിക്) ട്രേഡ് ആരംഭിക്കുന്നതിനും ഉത്തരവ് നൽകിയിട്ടുണ്ട്. ഈ 2 ഐ.ടി.സി. കളിലും ഈ അദ്ധ്യയന വർഷം തന്നെ ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. |

തൃശ്ശൂർ ജില്ലയിൽ വരവൂർ പഞ്ചായത്തിൽ ഐ.ടി.സി. (മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഡ്രൈവർ കം മെക്കാനിക് എന്നീ ട്രേഡുകൾ) ആരംഭിയ്ക്കുന്നതിനും

കണ്ണൂർ ജില്ലയിൽ പെരളശ്ശേരിയിൽ ഐ.ടി.സി. (ഡി.സിവിൽ, മെക്കാനിക് ഡീസൽ എന്നീ ട്രേഡുകൾ) ആരംഭിക്കുന്നതിനും

മലപ്പുറം ജില്ലയിൽ വട്ടംകുളം ഗ്രാമപഞ്ചായത്തിൽ ഐ.ടി.സി. (ഡി.സിവിൽ, വെൽഡർ എന്നീ ട്രേഡുകൾ) ആരംഭിയ്ക്കുന്നതിനും ഉള്ള പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ഇ) | എത്ര ഐ.ടി.സി. കൾ മോഡൽ റസിഡൻഷ്യൽ ഐ.ടി.ഐ. കളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഇ) | പാലക്കാട് ജില്ലയിൽ മംഗലം, പത്തനംതിട്ട ജില്ലയിൽ പന്തളം, ഐക്കാട്, തിരുവനന്തപുരം ജില്ലയിൽ മര്യാപുരം, തൃശ്ശൂർ ജില്ലയിൽ എങ്കക്കാട്, കോട്ടയം ജില്ലയിൽ എസ്.പി. കോളനി, കൊല്ലം ജില്ലയിൽ കുളക്കട, ഓച്ചിറ എന്നീ 8 ഐ.ടി.സി. കളെ മോഡൽ റസിഡൻഷ്യൽ ഐ.ടി.സി. കളാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനായി പഠന/പരിശീലന കെട്ടിടങ്ങൾ, ഹോസ്റ്റൽ കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. മര്യാപുരം, പന്തളം എന്നിവിടങ്ങളിലെ കെട്ടിടങ്ങളുടെ പണി പൂർത്തിയായി വരുന്നു. എസ്.പി. കോളനി, എങ്കക്കാട് എന്നീ ഐ.ടി.സി. കളിൽ പണി നല്ല നിലയിൽ പുരോഗമിക്കുന്നു. മംഗലം, ഐക്കാട് എന്നീ ഐ.ടി.സി. കളിൽ പണി ആരംഭിച്ചിട്ടുണ്ട്. |

Buse

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

15 -ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 588

26.07.2010 - ൽ മറുപടിയ്ക്ക്

## കൺസ്യൂമർ ഫെഡ് വഴിയുള്ള നെല്ല്, തേങ്ങ എന്നിവയുടെ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.വി.എൻ. വാസവൻ<br>ശ്രീ. എം.എം. മോനായി | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) കൺസ്യൂമർഫെഡ് നെല്ലു സംഭരണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര ക്വിന്റൽ നെല്ല് സംഭരിച്ചു എന്ന് വെളിപ്പെടുത്തുമോ; | (എ) കൺസ്യൂമർഫെഡ് നെല്ലു സംഭരണം ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 55738 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്. |
| (ബി) തേങ്ങാ സംഭരണത്തിനും സംസ്കരണത്തിനുമായി കൺസ്യൂമർ ഫെഡ് ആവിഷ്ക്കരിച്ച പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ? | (ബി) തേങ്ങാ സംഭരണത്തിനും സംസ്കരണത്തിനുമായി കൺസ്യൂമർഫെഡ് ആവിഷ്ക്കരിച്ച പദ്ധതിയുടെ ഭാഗമായി നാളിതുവരെ 40,986 ക്വിന്റൽ പച്ചതേങ്ങ സംഭരിച്ചു. ഇപ്രകാരം ശേഖരിച്ച പച്ച തേങ്ങ സംസ്കരിച്ച് കൊപ്രയാക്കി, 6993 ക്വിന്റൽ കൊപ്ര നാഫെഡിനു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 589

26.07.2010- ലെ മറുപടിക്ക്

## കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. വാഹീദ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കയർ വിപണനത്തിനായി രൂപീകരിച്ച കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) കേരളത്തിലെ കയർ വ്യവസായത്തിന്റെ സമഗ്രവികസനത്തിനും പുനരുദ്ധാരണത്തിനുമായി നിയോഗിച്ച കയർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകൃതമായത്. കയറിന്റെ ആഭ്യന്തര വിദേശ വിപണി വർദ്ധിപ്പിക്കുക എന്നതാണ് കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ ഉദ്ദേശ ലക്ഷ്യം. ഇതിന്റെ രൂപീകരണത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുന്നതിന് നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) കയർ വിപണനം ശക്തിപ്പെടുത്തുന്നതിന് പ്രസ്തുത കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി എന്ത് തുകയാണ് ഈ വർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത്. | (ബി) കൺസോർഷ്യത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 200 ലക്ഷം രൂപയാണ് ഈ വർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരിക്കുന്നത്. |
| (സി) 2009-2010 ൽ ഈ കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി എന്ത് തുകയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത്. | (സി) 2009-2010 ൽ കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. |

| | |
|---|---|
| (ഡി) ഈ കാലയളവിൽ സംസ്ഥാനത്തെ കയർ വിപണിയിൽ കൺസോർഷ്യത്തിന്റെ പ്രവർത്തനത്തിലൂടെ എത്ര കോടി രൂപയുടെ അധിക വിറ്റ് വരവ് നേടാനായി; | (ഡി) കൺസോർഷ്യത്തിന്റെ പ്രാരംഭ പ്രവർത്തന ഫലമായി പൊതുമേഖലാ സ്ഥാപനങ്ങൾ ഒരു കോടി രൂപയ്ക്ക് മുകളിൽ കയറുല്പ്പന്നങ്ങൾ കയറ്റുമതി നടത്തുന്നതിനുളള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) ഈ വർഷം പ്രസ്തുത മേഖലയിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നത്. | (ഇ) നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചാൽ ഉടൻ തന്നെ അതുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതാണ്. |
| (എഫ്) ഈ വർഷം ഇതിലൂടെ എത്ര കോടി രൂപയുടെ അധിക വിറ്റുവരവ് പ്രതീക്ഷിക്കുന്നു? | (എഫ്) പൊതുമേഖലയുടെ വിപണന സംവിധാനം ശക്തിപ്പെടുത്തുന്നതിലൂടെ ഏതാണ്ട് അഞ്ച് കോടി രൂപയുടെ അധിക വിറ്റുവരവ് ഈ വർഷം പ്രതീക്ഷിക്കുന്നു.<br><br>സെക്ഷൻ ഓഫീസർ |

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

*നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 590* *26.7.2010 ലെ മറുപടിക്ക്*

ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പിൻെറ പ്രവർത്തനം

മെച്ചപ്പെടുത്തുന്നതിനു നടപടി.

| ചോദ്യം: | ഉത്തരം |
| --- | --- |
| ശ്രീമതി പി.അയിഷാ പോറ്റി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എം. ഹംസ<br>ശ്രീ.എം.എം.മോനായി | ശ്രീ.പി.കെ.ഗുരുദാസൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) കേരളത്തിലെ ഫാക്ടറികൾ രജിസ്റ്റർ ചെയ്യുന്നതും വർഷാവർഷം അത് പുതുക്കി കൊടുക്കുന്നതും ഇപ്പോൾ ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ഇതിനായി അവശ്യം വേണ്ട സോഫ്റ്റ്വെയർ വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും , വിവരങ്ങളും പൊതുജനങ്ങൾക്കും ഫാക്ടറി ഉടമകൾക്കും വകുപ്പിൻെറ വെബ്സൈറ്റിൽ നിന്നും ലഭ്യമാക്കുന്നതിനും e-mail വഴി പരാതി സ്വീകരിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പിലെ എല്ലാ ഓഫീസുകളും ഘട്ടം ഘട്ടമായി മോഡൽ ഓഫീസാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൻെറ മുന്നോടിയായി എറണാകുളം ജോയിൻറ് ഡയറക്ടർ ഓഫീസ് മോഡൽ ഓഫീസാക്കി പ്രവർത്തനം തുടങ്ങി കഴിഞ്ഞു |
| ബി) വകുപ്പിലെ പരിശോധനാവിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) ഈ സർക്കാരിൻെറ കാലത്ത് പരിശോധനാ വിഭാഗം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി 5 ഇൻസ്പെക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടുണ്ട്. |

സി) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് നടപ്പിലാക്കുന്ന വിവിധ ആക്ടുകളും റൂളുകളും ലംഘിച്ചാൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്;

സി) കേരള ഫാക്ടറീസ് ആക്ട് 1948 സെക്ഷൻ 92 പ്രകാരം മാരകമായ അപകടങ്ങൾ സംഭവിക്കുന്ന ഫാക്ടറികൾക്ക് പ്രൊഹിബിഷൻ ഉത്തരവ് നൽകി വരുന്നു. നിയമ ലംഘനം നടത്തിയാൽ സാധാരണഗതിയിൽ ഒരു ലക്ഷം രൂപാ പിഴയും രണ്ടു വർഷം വരെ കഠിന തടവോ അല്ലെങ്കിൽ ഇവ രണ്ടും കൂടി ഒരുമിച്ചോ അനുഭവിക്കുന്നതിനു നിയമമുണ്ട്. കൂടാതെ ഈ വകുപ്പിന്റെ കീഴിൽ മൂന്ന് മേഖലാ ഓഫീസുകളിലായി മാരകമായി അപകടങ്ങൾ സംഭവിക്കുന്ന ഫാക്ടറികൾ പരിശോധിക്കുന്നതിനുവേണ്ടി ഓരോ സേഫ്റ്റി സെൽ പ്രവർത്തിക്കുന്നുണ്ട്. കെമിക്കൽ ഇൻസ്പെക്ടർ, ഫാക്ടറി ഇൻസ്പെക്ടർ, മെഡിക്കൽ ഓഫീസർ എന്നിവർ അടങ്ങുന്നതാണ് സേഫ്റ്റി സെൽ.

ഡി)ഫാക്ടറി തൊഴിലാളികളിലെ തൊഴിൽ ജന്യ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

ഡി) തൊഴിൽ ജന്യരോഗങ്ങൾ കണ്ടുപിടിക്കാനായി ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് (മെഡിക്കൽ)-ന്റെ നേതൃത്വത്തിൽ ഒക്യുപ്പേഷണൽ ഹെൽത്ത് സ്റ്റഡി നടത്തുന്നുണ്ട്.

ഇ)ഫാക്ടറികളിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികളുടെ ക്ഷേമകാര്യങ്ങൾ പരിശോധിക്കുന്നതിന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ വനിതാ ഓഫീസറെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ?

ഇ) നിയോഗിച്ചിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 591 26-07-2010-ൽ മറുപടിക്ക്

**പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിന് ട്രൈബൽ മിഷൻ**

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.എൻ. ശക്തൻ<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ.എ. കെ. ബാലൻ<br>(പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി.) |
| എ) | സംസ്ഥാനത്തെ ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൻെറ ഭാഗമായി ഒരു പ്രത്യേക ട്രൈബൽ മിഷൻ രൂപീകരിച്ചിട്ടുണ്ടോ ; | ഉണ്ട്. |
| ബി) | എന്നു മുതലാണ് ഇത്തരത്തിൽ ഒരു പ്രത്യേക ട്രൈബൽ മിഷൻ രൂപീകരിച്ചതെന്നും ഇതുവരെ പ്രസ്തുത മിഷൻ ഈ രംഗത്ത് എന്തൊക്കെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ടെന്നും വിശദീകരിക്കുമോ ; | 09-11-2001-ലെ സ.ഉ.(പി) 63/2001/പജ്ജ.പവ.വിവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ട്രൈബൽ മിഷൻ രൂപീകരിച്ചിട്ടുള്ളത്. ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുക, അവരെ പുനരധിവസിപ്പിക്കുക, അവരുടെ സർവ്വോന്മുഖമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുക എന്നിവയാണ് ആദിവാസി പുനരധിവാസ വികസന മിഷൻെറ പ്രധാന ലക്ഷ്യങ്ങൾ. ഇതിൻെറ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.<br><br>1) ആദിവാസികൾക്ക് വിതരണം ചെയ്യാവുന്ന ഭൂമിയുടെ പരമാവധി വിവരങ്ങൾ ശേഖരിക്കുകയും അതിലൂടെ കണ്ടെത്തിയ ഭൂമി താഴെ പറയുന്ന 4 ഘട്ടങ്ങളിലായി വിതരണം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഘട്ടം ഒന്ന്:- സാങ്കേതികവും നിയമപരവുമായ തടസ്സങ്ങളില്ലാത്ത വിതരണ യോഗ്യമായ റവന്യൂ ഭൂമിയുടെ വിതരണം.<br><br>രണ്ടാം ഘട്ടം:- വിവിധ വകുപ്പുകളുടേയും സ്വയംഭരണ സ്ഥാപനങ്ങളുടേയും പൊതുമേഖലാസ്ഥാപനങ്ങളുടേയും കീഴിൽ ലഭ്യമാകുന്ന ഭൂമിയുടെ വിതരണം.<br><br>മൂന്നാം ഘട്ടം:- കേന്ദ്ര സർക്കാർ അനുമതിയോടെ ലഭ്യമാകുന്ന ഭൂമിയുടെ വിതരണം.<br><br>നാലാം ഘട്ടം:- ഭൂമി അക്വയർ ചെയ്ത് വിതരണം. |

| | | |
|---|---|---|
| | | 2) കേന്ദ്ര സർക്കാരിൽ നിന്ന് 42.09 കോടി രൂപ വില നൽകി കണ്ണൂർ ജില്ലയിലെ ആറളം ഫാം ഏറ്റെടുത്തു. ഇതിന്റെ പകുതി ഭാഗം കേരള സർക്കാരിന്റെ കീഴിൽ ഫാമായി നില നിർത്തുകയും കമ്പനിയായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പുനരധിവാസത്തിനായി മാറ്റിവച്ചിട്ടുള്ള സ്ഥലത്ത് നിന്ന് 2335 കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്നവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>3) കേന്ദ്ര സർക്കാർ ചില നിബന്ധനകൾക്ക് വിധേയമായി 7693.2257 ഹെക്ടർ വനഭൂമി വിട്ടുതരുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ നിബന്ധനകളിൽ നെറ്റ് പ്രസന്റ് വാല്യു (NPV) നൽകണമെന്ന നിബന്ധന ഒഴിവാക്കിക്കിട്ടുന്നതിന് ബഹു: സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്.<br><br>4) കണ്ണൂർ ജില്ലയിൽ ആലക്കോട് എസ്റ്റേറ്റിൽ വിതരണം ചെയ്തതിൽ ബാക്കിയുള്ള ഭൂമി, പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ വല്ലങ്കി, മുതലമട എന്നിവിടങ്ങളിലെ ജലസേചന വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ഭൂമി തുടങ്ങിയവ വിതരണത്തിന് തയ്യാറാക്കി വരുന്നു.<br><br>5) ഭൂരഹിത ആദിവാസികളുടെ പുനരധിവാസത്തിന് ഭൂമി വാങ്ങുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷന് ഫാസ്റ്റ്ട്രാക്ക് പ്രോജക്ട് ഗൈഡ്ലൈൻസ് ബാധകമാക്കിയിട്ടുണ്ട്. അതിൻ പ്രകാരം ഏറ്റവും കൂടുതൽ ആദിവാസികളുള്ള വയനാട് ജില്ലയിൽ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി 1000 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിനായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭൂവുടമകളിൽ നിന്ന് ലഭിച്ചിട്ടുള്ള ഓഫറുകൾ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള സമിതി പരിശോധിച്ചു വരികയാണ്.<br><br>6) വയനാട് ജില്ലയിലെ സുഗന്ധഗിരി, പൂക്കോട്, ചീങ്ങേരി ഇടുക്കി ജില്ലയിലെ മറയൂർ, പന്തടിക്കളം, 80 ഏക്കർ സൂര്യനെല്ലി, വിലക്ക് തുടങ്ങിയ ആദിവാസി കോളനികളിലെ ഭവനനിർമ്മാണ പ്രവർത്തനങ്ങളും മിഷന്റെ മേൽ നോട്ടത്തിൽ നടന്നു വരുന്നു. |

| | | |
|---|---|---|
| | | 7) മിഷൻ മുഖേന വിതരണം ചെയ്ത ഭൂമിയിൽ താമസയോഗ്യമായ വീട്, കുടിവെള്ളം, വെളിച്ചം, റോഡ്, വിദ്യാഭ്യാസ സൗകര്യങ്ങൾ, ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയവയും സുസ്ഥിര വരുമാനത്തിനുതകുന്ന പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>8) ഓരോ പുനരധിവാസ മേഖലയിലേയും ആവശ്യങ്ങൾ മനസ്സിലാക്കി അതാതു പ്രദേശത്തിനുതകുന്ന തരത്തിലുള്ള വികസന പരിപാടികൾ മറ്റ് വകുപ്പുകളുമായി ഏകോപിച്ച് നടപ്പിലാക്കുന്ന കാര്യത്തിൽ ആദിവാസി പുനരധിവാസ വികസന മിഷൻ ശ്രദ്ധ ചെലുത്തുന്നുണ്ട്. |
| സി | വനവാസ നിയമ പ്രകാരം എത്ര ഭൂരഹിത പട്ടികവർഗ്ഗ കുടുംബ ങ്ങൾക്കാണ് സ്വന്തമായി ഭൂമി ലഭിക്കാൻ അർഹതയുള്ളത് എന്നാണ് മിഷൻ കണ്ടെത്തിയിട്ടു-ള്ളത് ; | വനവാസ നിയമ പ്രകാരം ഭൂമി അനുവദിച്ചു നൽകുന്നത് ട്രൈബൽ മിഷൻ വഴിയല്ല. |
| ഡി | ട്രൈബൽ മിഷൻ രൂപീകരിച്ച ശേഷം ഇതുവരെ എത്ര കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി നൽകാൻ സാധിച്ചു എന്നറിയിക്കുമോ ; | ട്രൈബൽ മിഷൻ രൂപീകരിച്ച ശേഷം ഇതുവരെ 6175 കുടുംബങ്ങൾക്ക് 8345.34 ഏക്കർ ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. |
| ഇ | ഈ വർഷം ഇനി എത്ര കുടുംബ ങ്ങൾക്ക് പ്രസ്തുത പദ്ധതിയനു-സരിച്ച് സ്വന്തമായി ഭൂമി നൽകുമെന്ന് വെളിപ്പെടുത്തുമോ ? | ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഉദ്ദേശം 2100 ആദിവാസി കുടുംബങ്ങൾക്ക് കൂടി ഈ വർഷം ഭൂമി അനുവദിച്ചു നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 592 — 26/07/2010-ൽ മറുപടിക്ക്

### പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിനായി നടപടികൾ

**ചോദ്യം**

ശ്രീമതി. കെ.കെ. ലതിക:

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:

ശ്രീ. വി.ജെ. തങ്കപ്പൻ:

ശ്രീ. മഞ്ഞളാംകുഴി അലി:

**ഉത്തരം**

ശ്രീ. എ.കെ. ബാലൻ

(പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്ലോക്ക് തലം, ജില്ലാതലം, സംസ്ഥാനതലം എന്നിങ്ങനെ രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാ പദ്ധതികളുടെയും വേഗതയിലുള്ള പ്രവർത്തനം ഉറപ്പാക്കുന്നു. പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രാദേശികമായ ആവശ്യകതയും സാദ്ധ്യതയും ഏറ്റവും ചുരുങ്ങിയത് 51% പേർക്കെങ്കിലും നേരിട്ട് പ്രയോജനപ്പെടുന്നതാണെന്ന് ഉറപ്പാക്കാറുണ്ട്. പദ്ധതികളുടെ സൂക്ഷ്മ പരിശോധന നടത്തുമ്പോൾ, സാങ്കേതിക വിദഗ്ദ്ധരുടെ കൂടി അഭിപ്രായം തേടുന്നു. പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിനായി, തുടർനടത്തിപ്പ് തുടർച്ചയായി നിരീക്ഷിക്കുന്ന സംവിധാനം ഉണ്ട്. കൂടാതെ, സംസ്ഥാനതലത്തിൽ തുടർച്ചയായ അവലോകനയോഗം നടത്തി പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നു. മറ്റു വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെ പ്രവർത്തന പുരോഗതിയും തുടർച്ചയായി അവലോകനം ചെയ്യുന്നു. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി മറ്റു വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കായി പൂൾഡ് ഫണ്ട് സംവിധാനം ആവിഷ്ക്കരിച്ചു. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി, എസ്.സി.ഇ.ആർ.റ്റി. മുഖേന പഠനം നടത്തിയിട്ടുണ്ട്. |

| | |
|---|---|
| | എസ്.സി.പി., റ്റി.എസ്.പി. പദ്ധതി പ്രകാരം ഇടുക്കി, വയനാട്, കണ്ണൂർ ജില്ലകൾ ഒഴികെ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ പദ്ധതികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ കൊണ്ട് പഠനം നടത്താനും ഉത്തരവായിട്ടുണ്ട്.<br><br>പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി / മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കി. ഇ-ഗ്രാന്റ്സ് എന്ന വെബ് അധിഷ്ഠിത പദ്ധതി പ്രകാരം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ എ.റ്റി.എം. വഴി ലഭിക്കുന്നതാണ്. ഇത് ഈ വർഷം പട്ടികവർഗ്ഗ വികസന വകുപ്പിലും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു.<br><br>പട്ടികജാതി / പട്ടികവർഗ്ഗ വകുപ്പുകളിലെ ക്ഷേമപദ്ധതികളുടെ രൂപീകരണം, നടത്തിപ്പ് എന്നിവയിലുള്ള ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു. |
| (ബി) പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതി വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) വിവാഹധന സഹായത്തിലും മിശ്രവിവാഹ ദമ്പതിമാർക്കുള്ള ധന സഹായത്തിലും എന്തു മാത്രം വർദ്ധനവ് വരുത്തിയിട്ടുണ്ട്; | (സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായം 10,000/- രൂപയിൽ നിന്നും 20,000/- രൂപയായി 01/04/2010 മുതൽ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.<br><br>മിശ്രവിവാഹിത ദമ്പതിമാരിൽ ഒരാൾ പട്ടികജാതിയിൽപ്പെട്ടതാണെങ്കിൽ അവർക്കുള്ള ധനസഹായം 20,000/- രൂപയിൽ നിന്നും 50,000/- രൂപയായി 01/06/2009-ലെ സ.ഉ.(എം.എസ്)നം.42/09/പജപവവിവ പ്രകാരം ഉയർത്തി ഉത്തരവായിട്ടുണ്ട്. |

| | |
|---|---|
| ) പട്ടികവിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) 2009-ൽ അതിക്രമം മൂലം ഒരാൾ കൊല്ലപ്പെടുകയും 4 പേർക്ക് മാരകമായ പരിക്ക് ഏൽക്കുകയും 22 സ്ത്രീകൾ പീഡനത്തിന് ഇരയാകുകയും ചെയ്തിട്ടുണ്ട്. ജാതിപ്പേര് വിളിച്ചതിന്റെ പേരിൽ 15 കേസുകളും ഉണ്ടായിട്ടുണ്ട്. അതിക്രമങ്ങൾ വർദ്ധിക്കാതിരിക്കുവാൻ പ്രോജക്ട് ഓഫീസർ / ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ / ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, ജനപ്രതിനിധികൾ, പോലീസ് അധികൃതർ എന്നിവർ ജാഗ്രതയായി പ്രവർത്തിക്കുന്നുണ്ട്. പൊതുവെ അതിക്രമം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) അതിക്രമങ്ങൾക്ക് ഇരയാവുന്നവർക്കുള്ള സഹായം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ; | (ഇ) ഉണ്ട്.<br>അതിക്രമങ്ങൾക്കിരയാകുന്ന പട്ടികജാതിക്കാർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതു സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള നിബന്ധനകളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>അതിക്രമങ്ങൾക്കിരയാകുന്ന പട്ടികജാതിക്കാർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാകളക്ടർ, ജില്ലാപട്ടികജാതി വികസന ഓഫീസർ എന്നിവരുടെ ജോയിന്റ് അക്കൗണ്ടിൽ 13 ജില്ലകളിൽ 50,000/- രൂപ വീതവും വയനാടു ജില്ലയിൽ 25,000/- രൂപയും നിക്ഷേപിച്ച് കണ്ടിജൻസി ഫണ്ട് ആരംഭി ക്കുന്നതിന് സർക്കാർ ഉത്തരവ് (കൈ). നം. 111/2009/പജപവവിവ, തീയതി 31/12/2009 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>25/09/2009-ലെ സർക്കാർ ഉത്തരവ് (സാധാ) നം.1028/2009/ പജപവവിവ തീയതി പ്രകാരം അതിക്രമങ്ങൾ തടയൽ പ്രകാരമുള്ള കേസുകൾ നടത്തുന്ന വേളയിൽ കോടതിയിൽ ഹാജരാകുന്ന, അതിക്രമങ്ങൾക്കു വിധേയരാകുന്ന വ്യക്തികൾക്കും അവരുടെ ആശ്രിതർക്കും സാക്ഷികൾക്കും പരിചാരകർക്കും യാത്രാബത്ത അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br><br>ആക്രമണത്തിന് വിധേയരായവർക്കും അല്ലെങ്കിൽ അവരുടെ ആശ്രിതർക്കും, സാക്ഷികൾക്കും, പരിചാരകർക്കും, വിചാരണ ദിവസങ്ങളിൽ 160 രൂപാ നിരക്കിൽ ഉപജീവന ചെലവിനായി മേൽ ഉത്തരവു പ്രകാരം അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| | അതിക്രമങ്ങൾക്കു വിധേയരാകുന്ന വ്യക്തികൾക്കും അല്ലെങ്കിൽ അവരുടെ ആശ്രിതർക്കും, പരിചാരകർക്കും വിചാരണ ദിവസങ്ങളിൽ 100/- രൂപ ആഹാരചെലവും മേൽപറഞ്ഞ ഉത്തരവു പ്രകാരം അനുവദിച്ചിട്ടുണ്ട്.<br><br>അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം ആവശ്യമായ കേസുകളിൽ ഡി.എൻ.എ ടെസ്റ്റ് നിർബന്ധമായി നടത്തുന്നതിന് നിർദ്ദേശം നൽകി (സർക്കാർ ഉത്തരവ് (സാധാ.) നം.1418/2008/പജപവവിവ തീയതി 3/12/2008 പ്രകാരം) സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (എഫ്) അതിക്രമങ്ങൾ തടയൽ നിയമപ്രകാര മുള്ള കേസുകൾ കാര്യ ക്ഷമമായി നടത്തുന്ന തിന് സ്പെഷ്യൽ കോടതി കൾ സ്ഥാപിക്കുന്ന തിന് നടപടി സ്വീകരി ക്കുമോ? | (എഫ്) അതിക്രമങ്ങൾ തടയൽ നിയമപ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ കൽപ്പറ്റയിലുമായി രണ്ട് സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 593 26-07-2010-ൽ മറുപടിക്ക്

### ട്രൈബൽ മിഷന്റെ പ്രവർത്തനം

| | ചോദ്യം | മറുപടി |
|---|---|---|
| ശ്രീ.എം.വി. ശ്രേയാംസ് കുമാർ | | ശ്രീ.എ.കെ. ബാലൻ<br>(പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി.) |
| എ) | സംസ്ഥാന ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കുമോ; | 2008-2009 \| 15.12 കോടി രൂപ<br>2009-2010 \| 25.75 കോടി രൂപ |
| ബി) | വകയിരുത്തിയ തുകയിൽ എത്ര ശതമാനം വീതമാണ് ചെലവഴിച്ചത് ; | 2008-2009 \| 59%<br>2009-2010 \| 35.53% |
| സി) | നടപ്പു സാമ്പത്തിക വർഷം ട്രൈബൽ മിഷൻ വഴിയുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ? | നടപ്പു സാമ്പത്തിക വർഷം ട്രൈബൽ മിഷൻ വഴിയുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.<br><br>എ) ഭൂമി വിതരണം<br><br>1) കണ്ണൂർ ജില്ലയിലെ ആറളം ഫാം, ആലക്കോട് എസ്റ്റേറ്റ് എന്നിവിടങ്ങളിൽ ബാക്കിയുള്ള ഭൂമി, പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ വല്ലങ്കി, മുതലമട എന്നിവിടങ്ങളിലെ ജലസേചന വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ഭൂമി, എറണാകുളം ജില്ലയിലെ എടക്കാട്ടുവയൽ, മഞ്ഞള്ളൂർ വില്ലേജുകളിലെ ഭൂമി, കൊല്ലം ജില്ലയിലെ കുരിയോട്ടുമലയിൽ ബാക്കിയുള്ള ഭൂമി എന്നിവ ഈ വർഷം തന്നെ വിതരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നു വരുന്നു.<br><br>2) ഏറ്റവും കൂടുതൽ ഭൂരഹിത ആദിവാസികളുള്ള വയനാട് ജില്ലയിൽ ഫാസ്റ്റ്ട്രാക്ക് പ്രോജക്ട് ഗൈഡ്‌ലൈൻസ് പ്രകാരം 50 കോടി രൂപ ചെലവിൽ 1000 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ത്വരിതഗതിയിലാണ്.<br><br>3) വിതരണം ചെയ്ത ഭൂമിയിൽ താമസ യോഗ്യമായ വീട്, കുടിവെള്ളം, വെളിച്ചം, റോഡ്, വിദ്യാഭ്യാസ സൗകര്യങ്ങൾ, ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയവയും സുസ്ഥിര വരുമാനത്തിനുതകുന്ന പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | | |
|---|---|---|
| | | **ബി) ഭവന നിർമ്മാണം**<br><br>1) കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേനയുള്ള 400 വീടുകളുടെയും, ഗുണഭോക്താക്കൾ നേരിട്ട് നിർമ്മിക്കുന്ന 90 വീടുകളുടെയും, സന്നദ്ധ സംഘടനകൾ മുഖേനയുള്ള 5 വീടുകളുടെയും പണി നടന്നു വരുന്നു. ഇതിൽ 317 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2) വയനാട് ജില്ലയിൽ സുഗന്ധഗിരി, പൂക്കോട്, ചീങ്ങേരി കോളനികളിലായി 774 വീടുകളുടെ നിർമ്മാണം പുരോഗധിയിലാണ്.<br><br>3) ഇടുക്കി ജില്ലയിലെ മറയൂർ, പന്തടിക്കളം, 80 ഏക്കർ സൂര്യനെല്ലി, വിലക്ക് കോളനികളിലെ ഭവന നിർമ്മാണം ഗുണഭോക്താക്കൾ മുഖേന പൂർത്തിയാക്കി വരുന്നു.<br><br>4) കൊല്ലം ജില്ലയിലെ കുരിയോട്ടുമല കോളനിയിലെ ഭവന നിർമ്മാണം സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേനയും ഗുണഭോക്താക്കൾ മുഖേനയും പൂർത്തിയാക്കി വരുന്നു.<br><br>**സി) മറ്റ് വികസന പദ്ധതികൾ**<br><br>1) 01.44 കോടി രൂപ ചെലവിൽ കേരള കാർഷിക സർവ്വകലാശാല മുഖേന ആറളത്ത് ഒരു മൃഗപരിപാലന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. ആറളത്ത് പുനരധിവസിപ്പിക്കപ്പെട്ട 232 ആദിവാസി കുടുംബങ്ങൾക്ക് പശു യൂണിറ്റും 247 കുടുംബങ്ങൾക്ക് ആട് യൂണിറ്റും അനുവദിക്കുന്ന പദ്ധതിയാണിത്.<br><br>2) ഇടുക്കി ജില്ലയിലെ പന്തടിക്കളം പുനരധിവാസ മേഖലയിൽ 9.5 ലക്ഷം രൂപ ചെലവിൽ കോളനിക്ക് ചുറ്റും സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള പണി പുരോഗമിച്ചു വരികയാണ്.<br><br>3) പന്തടിക്കളം 80 ഏക്കർ പുനരധിവാസ കോളനികളിൽ കാർഷിക വികസന പദ്ധതികൾക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 594 — 26.7.2010 ൽ മറുപടിക്ക്

കേന്ദ്രാവിഷ്കൃത നെൽകൃഷി വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. വി.എസ്. സുനിൽ കുമാർ :<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത നെൽകൃഷി വികസന പദ്ധതികൾ ഏതെല്ലാം ; ഈ പദ്ധതികൾക്ക് എത്രമാത്രം സഹായം കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമാകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (എ) മാക്രോ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷി വികസന പദ്ധതിയും ഭക്ഷ്യ സുരക്ഷാ പദ്ധതിയുമാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത നെൽകൃഷി വികസന പദ്ധതികൾ. പ്രസ്തുത പദ്ധതികൾക്കായി യഥാക്രമം 681.69 ലക്ഷം രൂപയും 262.35 ലക്ഷം രൂപയും ആണ് കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന സഹായം. |
| (ബി) നെൽകൃഷി വികസനത്തിനായി കേന്ദ്ര ഗവൺമെന്റ് നൽകുന്ന സഹായം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ കൂടുതൽ സഹായം നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (സി) കേന്ദ്രപദ്ധതികൾക്ക് നിശ്ചിത മാനദണ്ഡം അനുസരിച്ച് മാത്രമേ കേന്ദ്ര സഹായം അനുവദിക്കുകയുള്ളൂ. ഇക്കാര്യത്തിലുള്ള മാനദണ്ഡം അനുബന്ധമായി ചേർത്തിരിക്കുന്നു. മാക്രോമാനേജ്മെന്റ് പദ്ധതി പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതിക്ക് മാനദണ്ഡം അനുസരിച്ചുള്ള കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ട്. ദേശീയ ഭക്ഷ്യ സുരക്ഷാ |

പദ്ധതിയിൽ പാലക്കാട് ജില്ലയെ മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ സംസ്ഥാനത്തെ മറ്റു ജില്ലകളെകൂടി ഉൾപ്പെടുത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും പ്രതികരണം ലഭിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ ?

(ഡി) കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇക്കാര്യത്തിൽ പ്രതികരണമൊന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | പദ്ധതി ഘടകം | മാനദണ്ഡം |
|---|---|---|
| 1 | പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കൽ<br>(എ) നൂതനനെൽകൃഷി പ്രദർശനത്തോട്ടം<br><br>(ബി) എസ്.ആർ.ഐ പ്രദർശനത്തോട്ടം | 100 ഹെ. നെൽ പ്പാടത്തിന് 0.4 ഹെ. എന്ന തോതിൽ |
| 2 | വിത്തു വിതരണം | Seed Replacement Rate 33% |
| 3 | സൂക്ഷ്മൂലകങ്ങളുടെ വിതരണം | അപര്യാപ്തതയുള്ള വിസ്തൃതിയുടെ 30% |
| 4 | കുമ്മായ വിതരണം | അമ്ള പ്രശ്നമുള്ള വിസ്തൃതിയുടെ 30% |
| 5 | മിനികിറ്റ് | 50 ഹെക്ടറിന് 5 കിലോ വിത്തിന്റെ കിറ്റ് |
| 6 | ഫാംസ്ക്കൂൾ | 1000 ഹെക്ടറിന് ഒന്ന് |
| 7 | സസ്യസംരക്ഷണം | ആകെ വിസ്തൃതിയുടെ 10 % |
| 8 | പുതിയ സംരംഭങ്ങൾ | ആകെ തുകയുടെ 20% |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:595 26.07.2010 ൽ മറുപടിയ്ക്ക്**

## വൈദ്യുതി രംഗത്ത് സ്വകാര്യമേഖലയെ പ്രയോജനപ്പെടുത്താൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.ടി. അഹമ്മദ് അലി<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, പി.കെ. അബ്ദുറബ്ബ്<br>,, യു.സി. രാമൻ | ശ്രീ. എ.കെ. ബാലൻ<br>പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി. |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് വൈദ്യുതി രംഗത്ത് സ്വകാര്യമേഖലയെ പ്രയോജനപ്പെടുത്താൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നയമെന്താണെന്നും എത്ര സ്വകാര്യ പദ്ധതികൾക്കും ഏജൻസികൾക്കും അനുമതി നൽകി എന്നും വിശദമാക്കുമോ;<br><br>സി) ഇവയുടെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണ്; | ബി) & സി) ഇലക്ട്രിസിറ്റി ആക്ട് 2003 ലെ വ്യവസ്ഥകൾക്കനുസരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗരേഖ പുതുക്കുകയും അതനുസരിച്ച് 12 ചെറുകിട ജല വൈദ്യുത പദ്ധതികൾ സ്വകാര്യമേഖലയിലെ പ്രമോട്ടർ മാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ജി.ഒ(എം.എസ്)നം.23/2004/പി.ഡി തീയതി 06.11.04 എന്ന ഉത്തരവുപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള നയസമീപനമാണ് പവന വൈദ്യുതോൽപാദനത്തിന് സ്വകാര്യ മേഖലയെ പങ്കെടുപ്പിക്കുന്നതിന് അടിസ്ഥാനം (അനുബന്ധം 1, 2) സ്വകാര്യ പങ്കാളിത്തത്തോടെ 3.5 മെഗാവാട്ടിന്റെ പവന വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനും കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ജവഹർലാൽ നെഹ്റു നാഷണൽ സോളാർ മിഷൻ പ്രകാരം സൗര വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>സ്വകാര്യ സംരംഭകർ വഴി ചെറുകിട ജല വൈദ്യുത പദ്ധതികളിൽ നിന്നും 7 മെഗാവാട്ടും (അള്ളുങ്കൽ) കാററിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികളിൽ നിന്നായി 28.05 മെഗാവാട്ടും കോജനറേഷൻ പദ്ധതി വഴി 10 മെഗാവാട്ടും ശേഷിയുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിൽ വരുത്താൻ കഴിഞ്ഞു. അഗളിയിൽ 600 കിലോവാട്ടിന്റെ ആറ് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പവന വൈദ്യുതോത്പാദനം |

നടത്തുന്നതിന് മൂന്നു സ്വകാര്യ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു (അനുബന്ധം 3). JNNSM പദ്ധതിയിൽ രണ്ടു പ്രമോട്ടർമാരെ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ പുരോഗമിച്ചു വരുന്നു.

കൂടാതെ ഇ.എം.സി വഴി സ്വകാര്യ സംരംഭകർക്ക് 13 പദ്ധതികൾ അനുവദിച്ചു നല്കിയിട്ടുള്ളതിനാൽ (പട്ടിക അനുബന്ധം 4 ആയി ചേർക്കുന്നു). മെസ്സേഴ്സ് വിയ്യാത്ത് പവർ ലിമിററഡിന് നല്കിയ ഇരുട്ടുകാനം 3 മെഗാവാട്ടിന്റെ പദ്ധതിയിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ കെ.എസ്.ഇ.ബി ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. സൂര്യപ്രകാശത്തിൽ നിന്നും 20 മെഗാവാട്ടിന്റെ വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ ജവഹർലാൽ നെഹ്റു നാഷണൽ സോളാർ മിഷൻ (JNNSM) പദ്ധതി പ്രകാരം സംസ്ഥാനത്ത് നടപ്പിൽ വരുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| ഡി) | പ്രസരണ - വിതരണ മേഖലയിൽ സ്വകാര്യ മൂലധനം സ്വരൂപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | ഡി) | ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

ഈ അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 596 — 26.07.2010–ൽ മറുപടിക്ക്.

## ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് കുറയ്ക്കുന്നതിന് നിർദ്ദേശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു;<br>ശ്രീ. കെ. കെ. ദിവാകരൻ;<br>ശ്രീ. എ. എം. യൂസഫ്;<br>ശ്രീ. കെ. സി. രാജഗോപാലൻ; | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക പ്രയാസം നേരിടുന്ന ബോർഡുകൾ സ്വയം പര്യാപ്തമാക്കുന്നതിനും ശുപാർശ നൽകുന്നതിന് രൂപീകരിച്ച സമിതിയുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം പരിശോധിച്ച് അവ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനും സാമ്പത്തികമായി പ്രയാസം നേരിടുന്ന ബോർഡുകൾ സ്വയം പര്യാപ്തമാക്കുകയും ഏകീകരിക്കുകയും ചെയ്യുന്നതും സംബന്ധിച്ച് സർക്കാരിന് മാർഗ്ഗരേഖ സമർപ്പിക്കുന്നതിനായി 01/01/2009-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 07/2009/തൊഴിൽ. പ്രകാരം മുൻ ലേബർ കമ്മീഷണർ ശ്രീ. എസ്. ശ്രീനിവാസൻ ഐ.എ.എസ്. ചെയർമാനായി രൂപീകരിച്ച കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) സർക്കാരിന്റെയും ബോർഡുകളുടെയും സാമ്പത്തിക സ്ഥിതി പരിഗണിച്ച ശേഷം ക്ഷേമനിധി ആനുകൂല്യങ്ങൾ അതത് ബോർഡുകളുടെ ശുപാർശ പ്രകാരം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് കുറയ്ക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ? | (സി) ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് കുറയ്ക്കുന്നതിനായി ഓരോ തൊഴിൽ മേഖലയ്ക്കും പ്രത്യേകം ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കുന്നതു മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനു ബോർഡുകളുടെ പ്രവർത്തനം പരിശോധിച്ച് സാമ്പത്തിക പ്രയാസങ്ങൾ |

നേരിടുന്ന ബോർഡുകൾ സ്വയം പര്യാപ്തമാക്കുന്നതിനും അംഗസംഖ്യ പരിമിതമായതും സാമ്പത്തിക വിഷമതകൾ അനുഭവിക്കുന്നതുമായ ബോർഡുകൾ ഏകീകരിക്കുന്നതു സംബന്ധിച്ച് സർക്കാരിന് മാർഗ്ഗരേഖ സമർപ്പിക്കുന്നതിനുമായി 01/01/2009-ലെ സർക്കാർ ഉത്തരവ് (സാധാ)നം. 07/2009/തൊഴിൽ. പ്രകാരം മുൻ ലേബർ കമ്മീഷണർ ശ്രീ. എസ്. ശ്രീനിവാസൻ ഐ.എ.എസ്. ചെയർമാനായി രൂപീകരിച്ച സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ, സമാന സ്വഭാവമുള്ള എല്ലാ ക്ഷേമനിധി ബോർഡുകളേയും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനായി ഡോ. എ.വി. ജോസ് ചെയർമാനും ഡോ. എ.കെ. ശ്രീഹരി, ജില്ലാ ലേബർ ആഫീസർ (ആസ്ഥാനം) കൺവീനറായും ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 597 26-07-2010- ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയിൽ യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. അബ്ദുറബ്ബ് :<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക മേഖലയിൽ യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | എ) ഉണ്ട്.<br>കാർഷിക മേഖലയിൽ യുവാക്കൾക്ക് കാർഷിക യന്ത്രങ്ങളിൽ RTTC യും എല്ലാ ജില്ലാ എഞ്ചിനീയറിംഗ് ഓഫീസുകളിലും ട്രെയിനിംഗ് നൽകി വരുന്നുണ്ട്. കൂടാതെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൻ കീഴിലുള്ള മാതൃകാ ചെറുകിട നഴ്സറികളുടെ സ്ഥാപനം, പച്ചക്കറി വിത്തുൽപാദനം, പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം, ജലവിഭവ സ്രോതസ്സുകളുടെ നിർമ്മാണം, ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവൽക്കരണം, കൂൺ ഉൽപാദനം, തേനീച്ച വളർത്തൽ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ബയോകൺട്രോൾ ലാബുകളുടെ സ്ഥാപനം, ടിഷ്യൂകൾച്ചർ ലാബുകളുടെ സ്ഥാപനം തുടങ്ങിയ പദ്ധതികൾ വഴി കാർഷിക മേഖലയിൽ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുന്നുണ്ട്. |
| ബി) കാർഷിക മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നവർക്ക് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ ; ഇതിനായി എന്തെങ്കിലും പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | ബി) ഉണ്ട്.<br>സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി കാർഷിക യന്ത്രങ്ങളുടെ പരിശീലനം നൽകുന്നുണ്ട്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം സൂപ്പർവൈസർമാർ, തോട്ടംപരിപാലിക്കുന്നവർ (ഗാർഡനർ), സംരംഭകർ, കർഷകർ, എന്നിവർക്ക് പരിശീലനം നൽകുന്നുണ്ട്. നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, നഴ്സറി പരിചരണം, കാർഷിക വിളകളുടെ ശാസ്ത്രീയ പരിചരണം, |

ഉല്പന്നങ്ങളുടെ സംസ്കരണവും വിപണനവും തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം നൽകുന്നത്.

കാർഷികോല്പന്നങ്ങളുടെ ഉല്പാദനം, സംസ്കരണം, മൂല്യവർദ്ധനം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷികാധിഷ്ഠിത വ്യാപാരവ്യവസായ സംരംഭങ്ങൾക്ക് കേന്ദ്ര എസ്.എഫ്.എ.സി-യുടെ സഹായത്തോടെ പലിശ രഹിത സംരംഭ മൂലധനവിതരണ പദ്ധതി 2005 മുതൽ നടപ്പിലാക്കിവരുന്നു. തെങ്ങ്, കുരുമുളക്, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, ഫിഷറീസ് മുതലായവ അടിസ്ഥാനമാക്കി മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് ധനസഹായം ലഭിക്കുന്നുണ്ട്.

സി) അഗ്രി ബിസിനസ് കൺസോർഷ്യം വഴി വനിതകൾക്ക് തൊഴിൽ സാദ്ധ്യതകൾ ഉറപ്പ് വരുത്തുന്നുണ്ടോയെന്ന് വിശദീകരിക്കുമോ ?

സി) വിവിധ ജില്ലകളിലായി 20 യൂണിറ്റുകൾക്ക് എസ്.എഫ്.എ.സി മുഖേന സംരംഭ മൂലധനം നൽകിയിട്ടുണ്ട്. ഇതിൽ കോട്ടയം ജില്ലയിൽ രാമപുരത്ത് പ്രവർത്തിക്കുന്ന ബിശ്വാസ് കറി പൗഡർ യൂണിറ്റ്, മോനിപ്പള്ളിയിൽ പ്രവർത്തിക്കുന്ന കോക്കനട്ട് വിനിഗർ യൂണിറ്റ്, കാസർഗോഡ് പ്രവർത്തിക്കുന്ന ലിജിനാസ് കറി പൗഡർ യൂണിറ്റ് എന്നിവയുടെ സംരംഭകർ വനിതകളാണ്. ഈ 3 യൂണിറ്റുകളിലും മറ്റ് 17 യൂണിറ്റുകളിലും അസംസ്കൃത വസ്തുക്കളുടെ ശേഖരണം മുതൽ ഉല്പാദനം വരെയുള്ള പ്രവൃത്തികളിൽ സ്ത്രീകൾ ഉൾപ്പെട്ടിട്ടുണ്ട്.

Ramlal

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 598** **26.07.2010 ൽ മറുപടിയ്ക്ക്**

**സ്വാശ്രയ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസും വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ.ടി. ജലീൽ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. എ.കെ. ബാലൻ<br>പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി |
| (എ) സ്വാശ്രയ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസും വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) സ്വീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽ നിന്നും മെരിറ്റ് സീറ്റിലും സംവരണ സീറ്റിലും പ്രവേശനം നേടി പഠനം നടത്തുന്ന പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് ജസ്റ്റിസ് കെ.റ്റി. തോമസ് കമ്മീഷൻ നിശ്ചയിച്ച ഫീസും മറ്റ് വിദ്യാഭ്യാസ ആനുകൂല്യങ്ങളും അനുവദിച്ച് വരുന്നുണ്ട്. DME, DHS, Nursing Council തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി മെരിറ്റിലും റിസർവേഷനിലും പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്ക് സർക്കാർ/സർക്കാർഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകി വരുന്നു. ആദ്യ രണ്ട് മാസത്തെ വിദ്യാഭ്യാസാനുകൂല്യം മുൻകൂർ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ കോഴ്സുകൾക്ക് മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ല. |

| | | | |
|---|---|---|---|
| | മെഡിസിൻ, എഞ്ചിനീയറിംഗ് കോഴ്സു കൾക്ക് പുറമേ മറ്റ് ഏതെല്ലാം കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾ ക്കാണ് ആനുകൂല്യം നൽകുന്നത് ; | (ബി) | മറുപടി അനുബന്ധമായി ചേർക്കുന്നു. |
| (സി) | സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിന് തോറ്റ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം ഉൾപ്പെടെയുള്ള വിദ്യാഭ്യാസാ നുകൂല്യം നൽകുന്നുണ്ടോ ; | (സി) | ഉണ്ട്.<br>സ്വാശ്രയ മെഡിക്കൽ കോളേജിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം മെരിറ്റ്/ സംവരണ സീറ്റിൽ പ്രവേശനം ലഭിച്ച് എംബിബിഎസ് കോഴ്സിന് തോറ്റ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മൂന്നു പ്രാവശ്യം പരീക്ഷ എഴുതുന്നതിന് 50% നിരക്കിൽ ഫീസാനുകൂല്യവും ലംപ്സംഗ്രാന്റ് ഒഴികെ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു. |
| (ഡി) | സംസ്ഥാനത്തിനുപുറത്തു പഠിക്കുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാ സാനുകൂല്യം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | (ഡി) | അന്യസംസ്ഥാനങ്ങളിലെ വിവിധ സ്ഥാപനങ്ങളിൽ കേന്ദ്ര സർക്കാർ/കേന്ദ്ര യൂണിവേഴ്സിറ്റികൾ/ ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴിയോ CAT, MAT, JEE, JMET, XAT, ATMA എന്നീ പ്രവേശന പരീക്ഷ വഴിയോ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നുണ്ട്.<br>കേരളത്തിൽ നിലവിലില്ലാത്ത കോഴ്സിന് അന്യസംസ്ഥാനത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രീ-മെട്രിക്ക് കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസും, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവയും നൽകുന്നു. സർക്കാർ നിയന്ത്രിത കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളിലെ കോഴ്സുകൾ, സംസ്ഥാന-കേന്ദ്ര സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളായ എൽ.ബി.എസ്. സെന്റർ ഐ.എച്ച്.ആർ.ഡി., സി-ഡിറ്റ്, സി-ഡാക്ക്, ഇആർടിഡിസി, തുടങ്ങിയ സ്ഥാപനങ്ങളിലെ കോഴ്സുകൾ എന്നിവയ്ക്ക് ആനുകൂല്യങ്ങൾ അനുവദിയ്ക്കുന്നുണ്ട്. യൂണിവേഴ്സിറ്റികൾ, സർക്കാർ നിയന്ത്രിത (എയ്ഡഡ്) സ്ഥാപനങ്ങളിലെ അൺ-എയ്ഡഡ് കോഴ്സുകൾ എന്നിവയ്ക്ക് സർക്കാർ/യൂണിവേഴ്സിറ്റി നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നു. സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം പ്രവേശനം നേടുന്നവർക്കും ഡി.എം.ഇ., ഡി.എച്ച്.എസ്., നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കും സർക്കാർ/സർക്കാർ ഏജൻസി/ യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നു. സ്വകാര്യ സ്ഥാപനങ്ങളിൽ നടത്തുന്ന ജനറൽ നഴ്സിംഗ് കോഴ്സുകളിൽ പഠനം നടത്തുന്നവർക്ക് സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസ് മാത്രം നൽകുന്നു. CAT, MAT, JEE, JMET, XAT, ATMA തുടങ്ങിയ അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴി AIIM, IIT, IIS, ടൂറിസം മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ കൗൺസിൽ ഓഫ് ഹോട്ടൽ മാനേജ്മെന്റിന്റെ നിയന്ത്രണത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി എന്നീ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നവർക്ക് സർക്കാർ/യൂണിവേഴ്സിറ്റി അംഗീകരിച്ച ഫീസും മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ചുവരുന്നു. മെഡിക്കൽ വിഭാഗത്തിലെ എംബിബിഎസ് കോഴ്സിനു പുറമെ ബിഡിഎസ്, ബിഎഎംഎസ്., ബിഎച്ച്എംഎസ്, ബിഎസ്എംഎസ് എന്നീ കോഴ്സുകൾക്കും എല്ലാ മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും എല്ലാ പാരാമെഡിക്കൽ കോഴ്സുകൾക്കും സർക്കാർ അംഗീകരിച്ച മറ്റ് സ്പെഷ്യൽ കോഴ്സുകൾക്കും ഇനി അംഗീകരിക്കാവുന്ന എല്ലാ കോഴ്സുകൾക്കും ആനുകൂല്യം നൽകുന്നതിന് ഉത്തരവുണ്ട്. കോഴ്സുകളുടെ പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

Beno
സെക്ഷൻ ഓഫീസർ

അനുബന്ധം

## വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കർഹതയുള്ള പ്രൊഫഷണൽ ആൻറ് ജോബ് ഓറിയൻറഡ് <u>കോഴ്സുകളുടെ പട്ടിക</u>

1. എഞ്ചിനീയറിംഗ്/അനുബന്ധ കോഴ്സുകൾ
2. എം.ബി.ബി.എസ്
3. ബി.ഡി.എസ്സ്
4. ബി.എ.എം.എസ്സ്
5. ബി.എച്ച്.എം.എസ്സ്
6. ബി.എസ്.എം.എസ്സ്
7. ബി.ഫാം/ഡിഫാം (എല്ലാ വിഭാഗത്തിലും)
8. എല്ലാ മെഡിക്കൽ ബിരുദാനന്തരബിരുദ കോഴ്സുകൾ
9. എല്ലാ പാരാമെഡിക്കൽ കോഴ്സുകൾ
10. ബി.എസ്സ്.സി. നഴ്സിംഗ്/എം.എസ്സ്.സി.നഴ്സിംഗ് (എല്ലാ വിഭാഗത്തിലും)
11. ബി.എസ്സ്.സി (അഗ്രി)& എം.എസ്സ്.സി (അഗ്രി)
12. ബി.വി.എസ്സി & എം.വി.എസ് സി
13. ബി.എഫ്.എസ്സി & എം.എഫ്.എസ്സി
14. പാരാ വെറ്ററിനറി കോഴ്സ്
15. പാരാ അഗ്രി കോഴ്സ്
16. പാരാ ഫിഷറീസ് കോഴ്സ്
17. ഡയറി കോഴ്സസ്
18. എഞ്ചിനീയറിംഗ് പി.ജി. കോഴ്സസ്
19. കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സസ്
20. ബി.എഡ് & എം.എഡ്
21. ബി.പി.എഡ് & എം.പി.എഡ്
22. റ്റി.റ്റി.സി & പി.പി.റ്റി.റ്റി.സി
23. എം.സി.എ, ബി.ബി.എ, ബി.സി.എ
24. എം.ബി.എ
25. എം.എസ്. ഡബ്ളിയു
26. എൽ.എൽ.ബി, എൽ.എൽ.എം. & ബി.ജി.എൽ
27. ജനറൽ നഴ്സിംഗ് കോഴ്സ്
28. ബി.റ്റി.എ & എം.റ്റി.എ
29. ബി.എൽ.ഐ.എസ്, എം.എൽ.ഐ.എസ്, സി.എൽ.ഐ.എസ്, ഡി.എൽ.ഐ.എസ്
30. ഹോട്ടൽ മാനേജ്മെൻറ് കോഴ്സുകൾ
31. എൻ.ഐ.എഫ്.റ്റി. കോഴ്സുകൾ
32. എം.എഫ്.എ/ബി.എഫ്.എ (ഫൈൻ ആട്സ്)
33. ഹൗസ് സർജൻസി
34. കമ്പനി സെക്രട്ടറി ഷിപ്പ്
35. പൈലറ്റ് & എയർഹോസ്റ്റസ് പരിശീലനം
36. ചാർട്ടേഡ് അക്കൗണ്ടൻസി/ഐ.സി.ഡബ്ളിയു.എ
37. മ്യൂസിക് കോഴ്സുകൾ
38. ലാറ്ററൽ എൻട്രി സ്കീം പ്രകാരമുള്ള കോഴ്സുകൾ
39. ഗവ: അംഗീകരിച്ച മറ്റ് സ്പെഷ്യൽ കോഴ്സുകളും ഇനി അംഗീകരിക്കാവുന്ന കോഴ്സുകളും

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 599 26.07.2010 ൽ മറുപടിയ്ക്ക്

**പട്ടികവിഭാഗക്കാരുടെ തനത് കലകൾ പരിപോഷിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ | | ശ്രീ. എ.കെ. ബാലൻ<br>പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി | |
| (എ) | പട്ടികവിഭാഗക്കാരുടെ തനത് കലകൾ പരിപോഷിപ്പിക്കുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; | (എ) | പട്ടികവിഭാഗക്കാരുടെ തനത് കലകൾ പരിപോഷിപ്പിക്കുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുമായി 'ഗദ്ദിക' എന്ന പേരിൽ നാടൻകലാമേള/പ്രദർശനവിപണനമേള പട്ടികജാതി -പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. കൂടാതെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടക്കുന്ന അഖിലേന്ത്യാ പ്രദർശന വിപണനമേളയിലും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പി ക്കുകയും വിപണനം നടത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | ഏതെല്ലാം ജില്ലകളിലാണ് ഇപ്പോൾ 'ഗദ്ദിക' സംഘടിപ്പിക്കുന്നത് ; | (ബി) | 2006-07-ൽ പാലക്കാട്, എറണാകുളം ജില്ലകളിലും 2007-08-ൽ തലശ്ശേരി, തൃശ്ശൂർ എന്നിവിടങ്ങളിലും 2008-09-ൽ വടകര, കോട്ടയം എന്നിവിടങ്ങളിലും 2009-10-ൽ പെരിന്തൽമണ്ണ, പത്തനംതിട്ട എന്നിവിടങ്ങളിലും 'ഗദ്ദിക' സംഘടിപ്പിച്ചിട്ടുണ്ട്. 2010-11 വർഷം തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിൽ 'ഗദ്ദിക' സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (സി) | ഇതിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നത് ; | (സി) | വിപണനമേളയിൽ പങ്കെടുക്കുന്ന പട്ടികവിഭാഗത്തിൽപ്പെട്ട വ്യക്തികൾ, സംഘടനകൾ, കുടുംബശ്രീകൾ, അയൽക്കൂട്ടങ്ങൾ, സൊസൈറ്റികൾ എന്നിവയ്ക്ക് അവയുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കു ന്നതിനും വിപണനം നടത്തുന്നതിനും വേണ്ടി താൽക്കാലികമായി സ്റ്റാളുകൾ നിർമ്മിച്ചുനൽകുകയും മേളയിലേക്ക് ഉൽപ്പന്നങ്ങൾ |

കൊണ്ടുവരുന്നതിനും വിൽക്കാതെ മിച്ചം വരുന്ന സാധനങ്ങൾ തിരികെ കൊണ്ടുപോകുന്നതിനും ആവശ്യമായ യാത്രാബത്തയും നൽകുന്നുണ്ട്. ഓരോ സ്റ്റാളിലും വിപണനത്തിനായി നിൽക്കുന്ന രണ്ടു പേർക്ക് 125 രൂപ നിരക്കിൽ ആകെ 250 രൂപ ദിനബത്തയായി നൽകുന്നുണ്ട്. മേള നടക്കുന്ന 8 ദിവസങ്ങളിലും ഇവർക്ക് സൗജന്യമായി ഭക്ഷണവും നൽകുന്നുണ്ട്

| | | | |
|---|---|---|---|
| (ഡി) | 'ഗദ്ദിക' യിൽ ടൂറിസ്റ്റുകളുടെ പങ്കാളിത്തം ഉണ്ടാകുന്നതിന് ടൂറിസം വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ ; | (ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ഇ) | കേരളത്തിനു പുറത്ത് ആദിവാസികളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനം നടത്തുന്നതിന് സഹായം നൽകുമോ ; | (ഇ) | പട്ടികവർഗ്ഗ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് ശേഖരിച്ച് എല്ലാ വർഷവും ഡൽഹിയിൽ വച്ച് നടക്കുന്ന ഭാരത അന്താരാഷ്ട്ര വ്യാപാരമേളയിൽ പ്രദർശിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നുണ്ട്. |
| (എഫ്) | പട്ടികവിഭാഗക്കാരിലെ കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (എഫ്) | പട്ടികവിഭാഗത്തിലെ കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് വെള്ളായണിയിൽ ശ്രീ അയ്യൻകാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ പ്രവർത്തിക്കുന്നു. പ്രസ്തുത സ്കൂളിൽ നിന്നും അന്തർ ദേശീയ മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് പ്രോത്സാഹനമായി 10000 രൂപയും ദേശീയ-കായിക മത്സരങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കലം മെഡലുകൾ നേടിയവർക്ക് യഥാക്രമം 5000, 3000, 2000 രൂപാ നിരക്കിലും, സംസ്ഥാനതല മത്സരങ്ങളിൽ മെഡലുകൾ നേടുന്ന വർക്ക് യഥാക്രമം 3000, 2000, 1000 രൂപാ നിരക്കിലും ക്യാഷ് അവാർഡുകൾ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 600 — 26.07.2010 - ൽ മറുപടിയ്ക്ക്

## സഹകരണബാങ്കുകളിലെ കോർ ബാങ്കിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, ടി ബാങ്കുകളുടെ ശാഖകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയെ ഉൾപ്പെടുത്തി എല്ലാ വിധ സൗകര്യങ്ങളുമുള്ള കോർ ബാങ്കിംഗ് നടപ്പിലാക്കുകയും, എ.ടി.എം ശൃംഖല സ്ഥാപിച്ച് വായ്പാമേഖലയിൽ സാങ്കേതിക മുന്നേറ്റം നടത്തുന്നതിന് സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. ഇത് നടപ്പിലാക്കുന്നതിനെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു ഹൈപ്പവർ കമ്മിറ്റിയെ നിയമിക്കുന്നതിന് ഇതിനകം തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി ഏതെങ്കിലും കമ്പനികളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) എപ്രകാരമാണ് കോർ ബാങ്കിംഗ് നടപ്പിലാക്കുകയെന്ന് വ്യക്തമാക്കുമോ; | (സി) കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു ഹൈപ്പവർ കമ്മിറ്റിയെ |

| | | | |
|---|---|---|---|
| | | | നിയമിക്കുന്നതിന് ഇതിനകം തീരുമാനിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർ ബാങ്കിംഗ് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് എവിടെ നിന്നാണ് കണ്ടെത്തുന്നത്; വ്യക്തമാക്കുമോ; ഇതിനുള്ള ചെലവ് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് കോർ ബാങ്കിംഗിൽ ഉൾപ്പെടുന്ന സഹകരണസംഘങ്ങൾ/ബാങ്കുകൾ ആണ് വഹിക്കേണ്ടത്. കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് വേണ്ടി വരുന്ന ചെലവുകൾ കണക്കാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**